ഗൂഢാലോചനയാണ് എന്നാണ് എനിക്ക് എതിരെ പറഞ്ഞിരിക്കുന്നത്. ആ കേസിൽ പ്രഥമദൃഷ്ട്യാ കേസ് ഉണ്ടോയെന്ന് കോടതി ഇതുവരെ പരിശോധിച്ചിട്ടില്ല. എനിക്ക് കുറ്റപത്രം തന്നിട്ടില്ല, ഈ ഗവൺമെന്റ് വന്നതിനുശേഷം എനിക്ക് സമൻസ് കിട്ടി ഞാൻ ജാമ്യം എടുത്തിരിക്കുന്നത് കുരിയാർകുറ്റി-കാരപ്പാറ കേസിൽ മാത്രമാണ്. .....(ബഹളം).....പറയട്ടെ, അല്ല നിങ്ങളുടേത് കള്ളക്കേസ് ആണല്ലോ, കൂവണ്ട, ഒന്നുമില്ല, നിങ്ങൾ കൊടുത്ത കള്ളക്കേസ് വിജിലൻസ് കോടതി കേട്ട് അതിൽ പ്രഥമദൃഷ്ട്യാ കേസ് ഉണ്ടെങ്കിൽ എനിക്ക് കുറ്റപത്രം തരണം. എനിക്ക് കുറ്റപത്രം തരുമ്പോൾ മാത്രമേ ഞാൻ വിചാരണയെ നേരിടുന്ന വ്യക്തിയാകുന്നുള്ളൂ. മുഖ്യമന്ത്രി ഇവിടെ ഇരിക്കുകയല്ലേ? അഞ്ച് വർഷം പൂർത്തിയാക്കാൻ ഏതാനും ദിവസമേയുള്ളൂ. എനിക്ക് ഇതുവരെ കുറ്റപത്രംപോലും തരാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. 53 കേസ് ഉണ്ട്, 540 കേസ് ഉണ്ട് എന്നൊക്കെപറഞ്ഞ് അടിസ്ഥാനരഹിതമായ ആക്ഷേപം ഉന്നയിച്ചിരിക്കുന്നത് ശരിയല്ല.

(3) താലൂക്ക് പുന:സംവിധാനം

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, 16 താലൂക്കുകൾ രൂപീകരിക്കാൻ തീരുമാനിച്ച വിവരം ഞാൻ റൂൾ 300 അനുസരിച്ച് പറയുകയുണ്ടായി. അതിനെത്തുടർന്ന് സംസാരിച്ച ബഹുമാനപ്പെട്ട മെമ്പർമാർ ചില പ്രദേശങ്ങളിൽ താലൂക്ക് കിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചില പ്രതിഷേധപ്രകടനങ്ങളും നടത്തുകയുണ്ടായി. ഇതിൽ എനിക്ക് ഒരു കാര്യം പറയാനുണ്ട്. താലൂക്കുകൾ ആദ്യം ബ്ലോക്ക് അടിസ്ഥാനത്തിൽ പുന:സംഘടിപ്പിക്കാൻ തീരുമാനിച്ചത് അപ്പു കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള നിർദ്ദേശപ്രകാരമാണ്. ആ നിർദ്ദേശത്തിൽ പറഞ്ഞിട്ടുള്ളത് താലൂക്കുകൾ ബ്ലോക്ക് അടിസ്ഥാനത്തിൽ പുന:സംഘടിപ്പിക്കണം എന്നാണ്. അതുകൊണ്ട് താലൂക്കുകളെ ബ്ലോക്ക് അടിസ്ഥാനത്തിൽ പുന:സംഘടിപ്പിക്കാൻ കഴിയുമോ ? ജനകീയാസൂത്രണം വന്ന സാഹചര്യത്തിൽ അതിന് സാദ്ധ്യതയുണ്ടോയെന്ന് ഞങ്ങൾ പരിശോധിച്ചു. ദീർഘകാലമായി തുടർന്നുവരുന്ന ഒരു ശൈലിയുടെ അടിസ്ഥാനത്തിൽ, ഭരണപരമായ പ്രവർത്തനങ്ങളിൽ അതിപ്രധാനമായ പങ്ക് വഹിക്കുന്ന ഒരു ഡിപ്പാർട്ടുമെന്റ് എന്ന നിലയിൽ താലൂക്കുകൾ വിഭജിക്കുമ്പോൾ ഉണ്ടാകുന്ന പ്രായോഗികമായ പ്രയാസങ്ങളും സാമ്പത്തിക ബാദ്ധ്യതകളുമെല്ലാം കണക്കിലെടുത്തുകൊണ്ടാണ് ആ തീരുമാനം വേണ്ടന്നു വച്ചത്. എന്നാൽ ഏറെക്കാലമായി ജനങ്ങൾ ആവശ്യപ്പെടുന്നതും ഭരണപരമായ സൗകര്യങ്ങൾക്കുവേണ്ടി അടിയന്തിരമായ വിഭജനം ആവശ്യമായതുമായ കുറേയേറെ പ്രദേശങ്ങൾ ഉണ്ടെന്ന് കഴിഞ്ഞ ഗവൺമെന്റുകളുടെ കാലത്ത് തന്നെ എല്ലാപേർക്കും ബോദ്ധ്യമായതാണ്. അതിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. ആന്റണി മുഖ്യമന്ത്രി ആയിരുന്ന സന്ദർഭത്തിൽ പുതുതായി രണ്ടു താലൂക്കുകൾ അംഗീകരിച്ചത്-നിലമ്പൂരും, തിരൂരങ്ങാടിയും. ആ രണ്ടു താലൂക്കുകൾ പ്രഖ്യാപിക്കുമ്പോഴും ഞാനും ഏറെക്കാലമായി ഒരു താലൂക്കിനുവേണ്ടി ആവശ്യപ്പെട്ടിരുന്നതാണ്. ഇവിടെയിരുന്ന പല സുഹൃത്തുക്കളും ഇതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

താലൂക്കിനുവേണ്ടി ആവശ്യപ്പെട്ടിരുന്നതാണ്. ആ സന്ദർഭത്തിൽപ്പോലും ഈ രണ്ട് താലൂക്കുകൾ പ്രഖ്യാപിച്ചു എന്നതിൽ ഞങ്ങൾ പ്രതിഷേധം പ്രകടിപ്പിച്ചില്ല. കാരണം രണ്ട് താലൂക്കുകളെങ്കിലും ആയല്ലോ. ഇനി ബാക്കിയുള്ള കാര്യം മതിയല്ലോ എന്നതു തന്നെയായിരുന്നു ഞങ്ങളെ അന്ന് നയിച്ച വികാരം. അതുകൊണ്ട് പ്രതിപക്ഷത്തായിരുന്ന ഞങ്ങൾ അന്ന് എതിർത്തു പറയുകയുണ്ടായില്ല. മുപ്പത്തിയൊൻപതും നാൽപ്പതും നാൽപ്പത്തിരണ്ടും വില്ലേജുകൾ ഉള്ള താലൂക്കുകളാണ് കണ്ണൂർ, കാസർകോട്, കോഴിക്കോട് തുടങ്ങിയവ ജനസംഖ്യയും ഭൂമിശാസ്ത്രപരമായിട്ടുള്ള കിടപ്പും പിന്നോക്കാവസ്ഥയും പരിഗണിച്ചുകൊണ്ടാണ് ഏറെക്കാലമായി ഒരു താലൂക്ക് രൂപീകരണം ആവശ്യമാണെന്ന വികാരം ജനങ്ങളിൽ ഒട്ടാകെ വളർന്നുവന്നത്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് ശാസ്ത്രീയമായ ഒരു സമീപനം സ്വീകരിച്ച് കൊണ്ടാണ് ഞങ്ങൾ ഈ പ്രാവശ്യം താലൂക്ക് പുനഃസംവിധാനത്തെക്കുറിച്ച് ഒരു തീരുമാനമെടുത്തത്. ഇതിൽ ഒരു പ്രത്യേക താൽപ്പര്യവുമില്ല. വസ്തുനിഷ്ഠമായ പരിശോധനയുടെ അടിസ്ഥാനത്തിൽ ഭരണപ്രതിപക്ഷ വ്യത്യാസമൊന്നും നോക്കാതെയാണ് ഞങ്ങൾ 16 താലൂക്കുകൾ പുതിയതായി രൂപീകരിക്കാൻ തീരുമാനിച്ചത്. ഈ 16 എണ്ണം എന്ന് പറഞ്ഞാൽ ഏറെക്കാലമായി ആവശ്യപ്പെടുന്നതാണ്, ആവശ്യകതയുണ്ടെന്ന് ബോദ്ധ്യം ആയതാണ്. അതിന്റെ അടിസ്ഥാനത്തിലുള്ള 16 എണ്ണമാണ് അംഗീകരിച്ചത്. അതിന് ഒരുപാട് ബാദ്ധ്യതകളുണ്ട്. അതൊക്കെ നമുക്ക് അറിയാമല്ലോ. ആ ബാദ്ധ്യതകൾക്ക് അനുസരിച്ച് ഇപ്പോൾ.....

ശ്രീ. ടി. എം. ജേക്കബ് : ബാദ്ധ്യതകൾ ഒക്കെ അങ്ങേക്കറിയാമോ ?

ശ്രീ. കെ. ഇ. ഇസ്മയിൽ : തോക്കിന്റെ ഉള്ളിൽ കേറി വെടി വയ്ക്കല്ലേ ശ്രീ. ടി. എം. ജേക്കബേ. നിങ്ങൾക്കുള്ള ഒരു പതിവാണിത്. ഒരു കാര്യം പറഞ്ഞുകൊണ്ടിരിക്കുമ്പോൾ.....16 താലൂക്ക് എന്നത് നീതിപൂർവ്വമായ ഒരു ആവശ്യമാണ്. അത്യാവശ്യമാണെന്ന് തോന്നിയ 16 താലൂക്കാണ് ഏറെ സമയമെടുത്ത് ചർച്ചചെയ്ത് പരിശോധിച്ച് അംഗീകരിച്ചിട്ടുള്ളത്. അത് പരിശോധിച്ചാൽ എല്ലാവർക്കും അറിയാം. അപ്പുറത്തുള്ള ഒരുപാട് സുഹൃത്തുക്കൾ അഭിവാദ്യം അർപ്പിക്കുകയും നന്ദി പറയുകയും ഒക്കെ ചെയ്യുന്നുണ്ട്. ചിലപ്പോൾ പരസ്യമായി പറയില്ലായിരിക്കും. എന്നാലും എത്രയോ കാലത്തെ ഞങ്ങളുടെ ആഗ്രഹമായിരുന്നു, നാടിന്റെ വികാരമായിരുന്നു, താൽപ്പര്യമായിരുന്നു താലൂക്കുകൾ രൂപീകരിക്കുക എന്നത്, അത് അംഗീകരിച്ചത് നന്നായി എന്ന് പറയുന്ന ഒരുപാട് ആളുകൾ ഉണ്ട്. ഏതു കാര്യത്തിലും എല്ലാവരേയും നമുക്ക് തൃപ്തിപ്പെടുത്താൻ സാധിക്കില്ല. അതൊരു വസ്തുതയല്ലേ ? അതുകൊണ്ട് ഇനി അത്യാവശ്യം താലൂക്കിന്റെ പ്രശ്നം, താലൂക്കിന്റെ വികാരം, ആവശ്യകതയുള്ള പ്രദേശങ്ങളിലുള്ളവർ നിരാശപ്പെടേണ്ട കാര്യമില്ല. അതിന് ഇനിയും സമയമുണ്ട്. ഇത് ആദ്യഘട്ടമായിട്ടെടുത്താൽ മതി. ഇനിയുള്ള താലൂക്കിനെ സംബന്ധിച്ച് നമുക്ക് തീരുമാനം എടുക്കാം. തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ ഞങ്ങൾ തന്നെയാണ് വരിക, നിങ്ങൾ തെറ്റിദ്ധരിക്കുകയൊന്നും വേണ്ട. ഒരു സംശയവും നിങ്ങൾക്ക് വേണ്ട. അതുകൊണ്ട് ഇതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമായ താലൂക്കുകൾ ഏതൊക്കെയാണെന്ന് പരിശോധിക്കുകയും ആ താലൂക്കുകൾ കൊടുക്കുന്നതിന് ഞങ്ങൾ നടപടി സ്വീകരിക്കുകയും ചെയ്യും. അതിന് ഒരു തെറ്റിദ്ധാരണയും വേണ്ട.

ശ്രീ. എ. കെ. ആന്റണി : താലൂക്ക് രൂപീകരണം സംബന്ധിച്ച് നയപരമായ പ്രഖ്യാപനം ഗവർണ്ണറുടെ നയപ്രഖ്യാപനപ്രസംഗത്തിലോ ബഡ്ജറ്റ് പ്രസംഗത്തിലോ പരാമർശന വിഷയമാക്കിയില്ലെങ്കിലും 16 താലൂക്കുകൾ രൂപീകരിക്കാനുള്ള തീരുമാനത്തെ ഞങ്ങൾ സ്വാഗതം ചെയ്യുന്നവരാണ്. ഞങ്ങൾക്ക് അതേക്കുറിച്ച് യാതൊരു തരത്തിലുള്ള എതിർപ്പുമില്ല. ഇതൊരു രാഷ്ട്രീയ മത്സരമല്ലല്ലോ. താലൂക്കിന്റെ കാര്യം കേരളത്തിൽ പണ്ട് മുതലേ ഉള്ള തർക്കമാണല്ലോ. 16 താലൂക്കുകൾ പ്രഖ്യാപിച്ച കൂട്ടത്തിൽ ഇതുപോലെ ആഗ്രഹിച്ച മറ്റ് ഒരുപാട് പ്രദേശങ്ങളുണ്ട്. അവിടത്തെ ജനങ്ങളുണ്ട്. യു. ഡി. എഫ്., എൽ. ഡി. എഫ്. പ്രശ്നമില്ല. ഈ സഭയിലെ 4 അംഗങ്ങൾ.....ബഹളം.....

നിങ്ങൾ നാല് മന്ത്രിമാർ സംസാരിക്കാൻ പോവുകയാണ്. ഇരുപത് മിനിട്ടാണ് മന്ത്രിമാർക്ക് ഉള്ളത്. ഈ സഭയുടെ അവസാന ദിവസം ആവശ്യമില്ലാതെ വഴക്ക് ഉണ്ടാക്കണ്ട. ഈ സഭയിലെ നാല് അംഗങ്ങൾ രാവിലെ മുതൽ നിയമസഭാക വാടത്തിൽ നിരാഹാര സത്യാഗ്രഹം അനുഷ്ഠിക്കുകയാണ്. മന്ത്രിസഭ മാറ്റാൻ വേണ്ടിയല്ല, അവർ ആവശ്യപ്പെടുന്നത്.....ഇന്ന് നിരാഹാരം കിടക്കുന്ന എം. എൽ. എ. മാരോ ഞങ്ങളോ ആരും ഇന്നത്തെ താലൂക്ക് പ്രഖ്യാപനത്തിന് എതിരല്ല. ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുന്നവരാണ്. അവരുടെ ആഗ്രഹം, അവരുടെ പ്രദേശങ്ങൾ വിട്ടുപോയി, ആ പ്രദേശങ്ങൾ കൂടി ഉൾപ്പെടുത്തി പുതിയ താലൂക്ക് രൂപീകരിക്കണമെന്നതാണ്. പത്താം കേരള നിയമസഭയുടെ അവസാന സമ്മേളനം അവസാനിക്കുകയാണ്. ഇത് നാളെ മുതൽ ചരിത്രത്തിന്റെ ഭാഗമാവുകയാണ്. നമ്മൾ വൈകുന്നേരം പിരിഞ്ഞുപോകാൻ പോവുകയാണ്. നാളെ ആര് വരും എന്നുള്ളത് ജനകീയ കോടതി തീരുമാനിക്കട്ടെ. നമ്മൾ തർക്കിക്കണ്ട. എന്റെ അഭ്യർത്ഥന ഈ സഭ പിരിയുന്നതിന് മുൻപ് നിയമസഭാ കവാടത്തിൽ നിരാഹാര സത്യാഗ്രഹം അനുഷ്ഠിക്കുന്ന അംഗങ്ങളുടെ പ്രദേശങ്ങൾ താലൂക്കാക്കിയിട്ടില്ല എന്നുള്ള പരാതി കൂടി പരിശോധിക്കും എന്ന് അങ്ങ് ഒരു വാക്ക് പറഞ്ഞത് അവരെക്കൂടി ഈ സഭയിൽ കൊണ്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു. നിങ്ങൾക്ക് അത് തള്ളിക്കളയാം, സ്വീകരിക്കാം.

ശ്രീ. ടി. കെ. ഹംസ : താലൂക്ക് ഇല്ലാത്ത ഭരണപക്ഷത്തിരിക്കുന്ന ഞങ്ങൾക്കും വേറെ താലൂക്കിന് ആഗ്രഹമുണ്ട്. അത് എപ്പോഴാണ് തരിക. ഞങ്ങൾക്കും താലൂക്ക് വേണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : ഞാൻ ഈ വിഷയം മുഴുവൻ പറഞ്ഞ് കഴിഞ്ഞില്ല. താലൂക്ക് രൂപീകരണത്തെ സംബന്ധിച്ച് ശാസ്ത്രീയമായി വിഭജിക്കേണ്ടത് ഏതെല്ലാം എന്നതിനെ സംബന്ധിച്ച്, പരിശോധിക്കുന്നതിന് വിവിധ കാലങ്ങളിൽ ഒന്ന് രണ്ട് കമ്മീഷനെ വച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതാത് സമയത്തെ പല സ്വാധീനങ്ങളും സമ്മർദ്ദങ്ങളും ഉണ്ടായിട്ടുണ്ടെന്നാണ് ആ റിപ്പോർട്ട് നോക്കിയപ്പോൾ എനിക്ക് ബോദ്ധ്യമായത്. എന്നാലും ആ റിപ്പോർട്ടും ഇതിന് ഒരു സഹായകമായി ഞങ്ങൾ പ്രയോജനപ്പെടുത്തി. അങ്ങനെ വിവിധ തലങ്ങളിൽ പരിശോധിച്ചുകൊണ്ട് ജനസംഖ്യയുടേയും ഭൂമി ശാസ്ത്രപരമായ വലിപ്പത്തിന്റേയും, പിന്നോക്കാവസ്ഥയുടേയും ഒക്കെ പരിഗണന വച്ചുകൊണ്ട് ഏറ്റവും പ്രധാനപ്പെട്ട 16 പ്രദേശങ്ങളിലാണ് താലൂക്ക് രൂപീകരിക്കാൻ തീരുമാനിച്ചത്. രണ്ടെണ്ണം ഇതിനോടൊപ്പം തന്നെ പ്രധാനപ്പെട്ടവ ആയിരുന്നു. അഞ്ച് കൊല്ലങ്ങൾക്ക് മുൻപ് ശ്രീമാൻ ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ എടുത്തതാണ്. തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അതേ പരിഗണനയിൽ വരുന്നതാണ് ഈ 16 എണ്ണവും അതുകൊണ്ട് താലൂക്കിന്റെ പ്രശ്നം ഇനി വരികയാണെങ്കിൽ തീർച്ചയായിട്ടും ഇതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് ആവശ്യമായ നടപടികൾ എടുക്കും. അതിൽ ഇത്ര ഉത്കണ്ഠപ്പെടേണ്ട കാര്യമെന്താണ് ? എത്രയോ കാലമായി അപ്പുറവും ഇപ്പുറവും ഉണ്ട്. ഇവിടെ പലരും പറഞ്ഞിട്ടില്ല. പലരും ഇതിനുവേണ്ടി പ്രക്ഷോഭം നടത്തിയിട്ടുണ്ട്. താലൂക്കുകൾ കിട്ടുകയാണെങ്കിൽ എല്ലാവർക്കും ആവശ്യമാണ്. അതുകൊണ്ട് അത് അതിന്റെ രീതി അനുസരിച്ച് പരിശോധിക്കും. ഇപ്പോൾ പ്രഖ്യാപിക്കപ്പെട്ട താലൂക്കുകളുടെ ആസ്ഥാനം പറഞ്ഞില്ല, ഏതെല്ലാം വില്ലേജുകൾ അതിൽ എത്ര ജനസംഖ്യ ഉണ്ടാകും എന്ന് പറഞ്ഞില്ല എന്നതാണ് ശ്രീ. ജേക്കബിന്റെ ആക്ഷേപം. അത് പറയാതിരുന്നത് തന്നെയാണ്. ഒരു സ്പെഷ്യൽ ഓഫീസറെ ഇതിനു വേണ്ടി നിശ്ചയിക്കുന്നുണ്ട്. ഏതൊക്കെ വില്ലേജുകൾ, എത്ര ജനസംഖ്യ ഉണ്ടാകും, ഏതെല്ലാം ഭൂപ്രദേശങ്ങൾ ഇതിൽ ഉൾപ്പെടും എന്നത് ശാസ്ത്രീയമായ പരിശോധനയ്ക്ക് വിധേയമായി അതിന്റെ അടിസ്ഥാനത്തിലേ നിശ്ചിക്കാൻ പറ്റൂ. അപൂർവ്വം ചില സ്ഥലങ്ങളിൽ എല്ലാം പരിശോധിച്ചിട്ടുണ്ടെങ്കിലും നാല് ആളുകൾ കേട്ടാൽ നിരക്കത്തക്ക രീതിയിൽ വേണമെന്നുള്ളതുകൊണ്ടാണ്, നിങ്ങളെപ്പോലുള്ള ആളുകളുടെ മുൻപിലാകുമ്പോൾ അത് ആവശ്യമാണ്. അതല്ലെങ്കിലും കണ്ണടച്ച് ഇരുട്ടാക്കുന്നവരാണെന്ന് ഞങ്ങൾക്ക് ബോദ്ധ്യമായി. ഞങ്ങൾ അങ്ങനെ വർത്തമാനം പറയുന്നില്ലെങ്കിലും കേൾക്കുമ്പോൾ ബോദ്ധ്യമാകുമല്ലോ. ഓരോരുത്തർ ഇവിടെ വർത്തമാനം പറഞ്ഞത് കേട്ടപ്പോൾ ശ്രീ. ടി. എം. ജേക്കബ് പറഞ്ഞതെന്താണ് ? അവസാനം ശ്രീ. ആര്യാടൻ പറഞ്ഞതെന്താണ് ? ഇതൊക്കെ സാധാരണ ഗതിയിൽ എത്ര നിലവാരം താഴ്ന്നവരാണെങ്കിലും പറയുന്ന വർത്തമാനമാണോ പറഞ്ഞത് ? ഞാൻ നിഷേധിക്കുന്നു എന്ന് നിങ്ങൾക്ക് പറയാമോ ? പകരം ഒന്ന് പറഞ്ഞതുകൊണ്ട് പ്രതിവിധിയായോ ? അതുകൊണ്ടാണ് പറഞ്ഞത് ശ്രീ. ആര്യാടനെപ്പോലുള്ള ഒരാൾ ശ്രീ. വെളിയം ഭാർഗ്ഗവൻ ചർച്ച ചെയ്തത് മറച്ചു വയ്ക്കാനാണ് എന്ന് പറയുന്നതിൽ അർത്ഥമുണ്ടോ ? അതുകൊണ്ട് ഞാൻ പറഞ്ഞതാണ്. അങ്ങനെ ഒരു നില ഞങ്ങൾ എടുക്കുന്നില്ല. കമ്മ്യൂണിസ്റ്റ് പാർട്ടിയെക്കുറിച്ച് ബോദ്ധ്യമുള്ള ഒരു രാജ്യമാണിത്. തെറ്റിദ്ധാരണയൊന്നും നിങ്ങൾക്ക് ആർക്കും വേണ്ട. ഒരാൾ പറഞ്ഞതുകൊണ്ടെന്നും ആളുകൾക്ക് തെറ്റിദ്ധാരണ ഉണ്ടാവില്ല. അതുകൊണ്ട് ഞാൻ പറയുന്നത് 16 താലൂക്കുകൾ പ്രഖ്യാപിക്കപ്പെട്ടതിനെ സംബന്ധിച്ച് ഒരു

LIBRARY ARCHIVES Kerala Legislative Assembly

സ്പെഷ്യൽ ഓഫീസറെ വച്ച് ഉടനെ തന്നെ പരിശോധന നടത്തി ഏതെങ്കിലും ഒന്നോ രണ്ടോ സ്ഥലങ്ങളിൽ.....ആസ്ഥാനത്തിന്റെ കാര്യത്തിൽ ചില ആക്ഷേപങ്ങളുണ്ട്, അവിടെ വേണം ഇവിടെ വേണം എന്ന തർക്കമുണ്ട്. അത് അവിടത്തെ ജനങ്ങളുമായി ബന്ധപ്പെട്ട് പരിഹരിച്ചുകൊണ്ട് അടിയന്തിരമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കും. അതാണ് എനിക്ക് പറയാനുള്ളത്.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ശ്രീ. ടി. എം. ജേക്കബ് മെയിൻ ഇഷ്യൂ എന്താണെന്ന് പറയാതെ ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ് കംപ്യൂട്ടർവൽക്കരിക്കുന്നതിന് ആദ്യമായി തീരുമാനമെടുക്കുന്നത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്. ഞാൻ നിയമസഭാ ജീവിതം 1957-ൽ തുടങ്ങിയതാണ്. ഇപ്പോഴും തുടർന്നുവരുന്നു. ഇടയ്ക്കിടയ്ക്ക് അസംബ്ലിയിൽ വരും. അതിനിടയിൽ നിയമസഭാംഗം അല്ലാതെയും ആയിട്ടുണ്ട്. മൂന്നാമത്തെ ടേം മന്ത്രിയായി. ആദ്യമായിട്ടാണ് എന്റെ പേരിൽ ഒരു അഴിമതി ആരോപണം വരുന്നത്. അതുകൊണ്ട് അതിനെക്കുറിച്ച് പറയാനുള്ള കഴിവ് കുറവുണ്ട്. എന്നാലും ഞാൻ പറയാം. 10 ലക്ഷത്തിൽ ചിലാനം രൂപയാണ് ആദ്യമായി കംപ്യൂട്ടറൈസേഷന് അനുവദിച്ചത്. എന്നാൽ 10 ലക്ഷം രൂപ എന്നുള്ളത് 16 ലക്ഷം രൂപ ആയി ഉയർത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഏകദേശം 23 ലക്ഷത്തോളം രൂപ ബാദ്ധ്യത വരുന്ന രീതിയിൽ കംപ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിനുവേണ്ടി അദ്ദേഹം ടെണ്ടർ വിളിച്ചു. പ്രൊസീഡ്യുവറൽ അനുസരിച്ച് 10 ലക്ഷം രൂപവരെയാണെങ്കിൽ അദ്ദേഹത്തിന് തന്നെ ടെണ്ടർ വിളിച്ച് ആളുകൾക്ക് കൊടുക്കാം. 10 ലക്ഷം രൂപയിൽ കവിഞ്ഞാൽ സാങ്ഷനുവേണ്ടി ഡിപ്പാർട്ട്മെന്റിൽ പർച്ചേഴ്സ് കമ്മിറ്റി കൂടണം. ആ കമ്മിറ്റിയിൽ എ.ജി.യും ലാസെക്രട്ടറിയും വേറെ ചില ആളുകളും കാണും. 10 ലക്ഷം രൂപയിൽ കൂടുതലുള്ള ഈ ടെണ്ടർ വിളിച്ചിട്ട്, അത് കൺഫോം ചെയ്തതനുസരിച്ച് കുറച്ചു തുക അഡ്വാൻസും കൊടുത്തു. അതിനുശേഷമാണ് രണ്ട് കാര്യങ്ങൾക്ക് റാറ്റിഫിക്കേഷൻ വേണമെന്ന് പറഞ്ഞ് അദ്ദേഹം ആവശ്യപ്പെട്ടത്. (1) 10 ലക്ഷത്തിൽ കവിഞ്ഞ തുകയ്ക്ക് പ്രൊസീഡ്യുവറൽ ആയിട്ട് ഡി.പി.സി. കൂടാതെ തന്നെ അത് കൺഫോം ചെയ്ത കാര്യം.

(2) ഇതിൽ കൂടുതൽ തുക അഡ്വാൻസ് സാങ്ഷനില്ലാതെ കൊടുത്തു എന്നുള്ളത് സാങ്ഷൻ വേണമെന്ന് ആവശ്യപ്പെട്ടു. ഇതിനെ സംബന്ധിച്ച് ഫിനാൻസ് ഡിപ്പാർട്ടുമെന്റും സ്റ്റോർ പർച്ചേഴ്സ് ഡിപ്പാർട്ടുമെന്റുമെല്ലാം പരിശോധിച്ചിട്ടുണ്ട്. ആ പരിശോധനയിലെല്ലാം അവർ ആകെ പറഞ്ഞിട്ടുള്ള ക്രിട്ടിസിസം ഇതിൽ പ്രൊസീഡ്യുവറൽ ഇറഗുലാരിറ്റീസ് ഉണ്ടെന്നാണ്. പ്രൊസീഡ്യുവറൽ ഇറഗുലാരിറ്റീസ് അല്ലാതെ, അദ്ദേഹം പറഞ്ഞത് കേട്ടാൽ 12 ലക്ഷത്തിന് വാങ്ങേണ്ടത് 15 ലക്ഷത്തിന് വാങ്ങി എന്നാണ്. പല ടെണ്ടറുകളും ഉണ്ടായിരുന്നു. ടെണ്ടർ വിളിച്ച് അക്സപ്റ്റ് ചെയ്ത കോൺട്രാക്ടിൽ എന്തെങ്കിലും ഇറഗുലാരിറ്റീയോ കുഴപ്പമോ ഉള്ളതായി ഈ പരിശോധനയിലൊന്നും കണ്ടില്ല. ആ ഫയൽ അപ്രൂവ് ചെയ്യാൻ പറ്റുകയില്ല,

LIBRARY ARCHIVES Kerala Legislative Assembly

റാറ്റിഫൈ ചെയ്യാൻ പറ്റുകയില്ല. ഫിനാൻസ് ഡിപ്പാർട്ടുമെന്റും സി.എം-ഉം കണ്ടതിനുശേഷം ക്യാബിനറ്റിനു മാത്രമേ അത് റാറ്റിഫൈ ചെയ്യാൻ പറ്റുകയുള്ളൂ. മാത്രമല്ല, എ. ജി. വെറുമൊരു ഓഫീസറല്ല. വേണമെങ്കിൽ ഹെഡ് ഓഫ് ദി ഡിപ്പാർട്ടുമെന്റാകാം. പിന്നെ ചില പർപ്പസിന് കോൺസ്റ്റിറ്റ്യൂഷണൽ അതോറിറ്റിയാണ്. അതുകൊണ്ട് എ. ജി. അയയ്ക്കുന്ന പേപ്പർ നിസാരമായിട്ട് ഞാൻ തന്നെ റിജക്റ്റ് ചെയ്യുക എന്നുപറയുന്നത് എന്റെ അപ്പോഴത്തെ വിശ്വാസവും ഇപ്പോഴത്തെ വിശ്വാസവുമനുസരിച്ച് ഒരു proper course of action ആയിരിക്കുകയില്ല. ഏതായാലും ലാ ഡിപ്പാർട്ടുമെന്റിൽനിന്നും വന്ന ഒരു നോട്ടിന്റെ അടിസ്ഥാനത്തിൽ അതിന്റെ ഡീറ്റയിൽസ് ഫർണിഷ് ചെയ്യണമെന്ന് പറഞ്ഞ് ഞാൻ എ.ജി.ക്ക് കൊടുത്തു. അതാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. ആ ഫയലിൽ.....നിയമവകുപ്പിൽ നിന്നും ഫയലായിട്ടുതന്നെ അദ്ദേഹത്തിന് അയച്ചു. അതാണ് ഒരു മിസ്റ്റേക്കെന്ന് അദ്ദേഹം പറഞ്ഞത്. പക്ഷേ അത് അത്ര ഇറെഗുലർ അല്ല. അങ്ങയുടെ അറിവിനായി ഞാൻ പറയുകയാണ്. സെക്രട്ടേറിയറ്റ് മാന്യുവലിലെ ഇൻസ്ട്രക്ഷൻ 20 പ്രകാരം സെക്രട്ടേറിയറ്റ് ഫയലിൽ ഹെഡ് ഓഫ് ദി ഡിപ്പാർട്ടുമെന്റിന് ഒപ്പീനിയൻ എഴുതാമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതനുസരിച്ച് അതും ടെക്നിക്കൽ പിശകായിട്ട് വച്ചുകൊള്ളൂ. അതു കഴിഞ്ഞതിനുശേഷം ഞാനെഴുതിയത് ഇത് മറച്ചു വച്ചുകൊണ്ടല്ല. At the end the events mentioned in the Note given by the Advocate General clearly indicates that the tender procedure has been followed. ടെണ്ടർ പ്രൊസീഡ്യുവർ ഫോളോ ചെയ്തിട്ടില്ല. The holding of Departmental Purchase Committee and sanction from the Government are the stages which were not undergone before awarding the Contract. ഈ രണ്ട് കാര്യങ്ങൾ ചെയ്തില്ല എന്നു തന്നെയാണ് പറഞ്ഞത്. അല്ലാതെ ഞാനിത് മറച്ചു വച്ചതല്ല. ഈ രണ്ടു കാര്യങ്ങളും ചെയ്തില്ല. The whole process started on the basis of the Administrative Sanction.....There is only the question of.....exceeding the delegation of powers on the bonafide belief of subsequent ratification by the Government; In these circumstances the action of the Advocate General having implemented computerisation may be ratified. ഇത് നടന്നുകഴിഞ്ഞ കാര്യമാണ്. എ.ജി.യെപ്പോലുള്ള ഒരാൾ ചെയ്ത മിസ്റ്റേക്ക് എന്ന് പറയുന്നത് 10 ലക്ഷം രൂപയിൽ കവിഞ്ഞ തുകയ്ക്ക് പർച്ചേസ് നടത്താൻ അഡ്മിനിസ്ട്രേറ്റിവ് സാങ്ഷനും വാങ്ങിയില്ല. ഡി.പി.ഐ.യും കൂടിയില്ല, എന്നുള്ളതാണ്. ഈ രണ്ടു മിസ്റ്റേക്ക്സ് കമ്മിറ്റ് ചെയ്തു. ഇത് രണ്ടും ഞാൻ പോയിന്റൗട്ട് ചെയ്തു. fait accompli ആയതുകൊണ്ട് ഇതങ്ങനെ റാറ്റിഫൈ ചെയ്യുകയേ മാർഗ്ഗമുള്ളൂ എന്നാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. അത് കഴിഞ്ഞതിനുശേഷം ഇതു തന്നെയാണ് ഫൈനാൻസ് മിനിസ്റ്റർ പറഞ്ഞത്. വാക്കുകൾ വേറെയാണ്. Procedure as per rules has to be followed when purchases are made. As it has become a fact, fait accompli, I agree as a special case. അതേ രീതിയിൽ തന്നെയാണ് വേർഡിംഗ്സ്. ഡിഫറന്റ് ആണെങ്കിൽപ്പോലും ഇതൊരു fait accompli ആയതുകൊണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

എ.ജി. യെ പ്പോലുള്ള ഒരാൾ ചെയ്തതുകൊണ്ട് ഇതിൽ വേറെ കുഴപ്പങ്ങൾ ഉള്ളതായി പോയിന്റൗട്ട് ചെയ്തിട്ടില്ലാത്തതുകൊണ്ട് റാറ്റിഫൈ ചെയ്യാമെന്ന് പറഞ്ഞു. അതിന്റെ ബേസിസിൽ അത് ക്യാബിനറ്റിൽ വന്നു. അപ്പോൾ ഫിനാൻസ് ഡിപ്പാർട്ടുമെന്റ് കണ്ടു. ഫിനാൻസ് ഡിപ്പാർട്ടുമെന്റ് പറഞ്ഞത് Seen in Finanee : The Administrative Department is informed that the procedure followed by the Advocate General in the matter is highly irregular; Since the Advocate General is the Head of the Department, he has to follow all the procedural formalities like other Heads of Departments. The Administrative Department may point out the irregularities to the Advocate General while ratifying the action. റാറ്റിഫൈ ചെയ്യുമ്പോൾ എ.ജി.യോട് ഇതെല്ലാം പോയിന്റൗട്ട് ചെയ്യണമെന്ന് പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ സി.എം. അതേ അഭിപ്രായം പറഞ്ഞു. ഇത് ശരിയല്ല, എങ്കിലും റാറ്റിഫൈ ചെയ്യണമെന്ന് പറഞ്ഞു. ക്യാബിനറ്റ് റാറ്റിഫൈ ചെയ്തു. ഇതിനകത്ത് ആകെ വന്നിരിക്കുന്നത് , എന്റെ മുൻപിൽ ഫയൽ വരുമ്പോൾ ഈ ടെക്നിക്കൽ ഇറെഗുലാരിറ്റീസ് അല്ലാതെ വേറെ എന്തെങ്കിലും നടന്നതായിട്ട് കണ്ടില്ല. അഴിമതി ആരോപണം നടന്നിട്ടില്ല. എന്റെ കൈയിൽ വന്നതിനുശേഷം ടെക്നിക്കൽ ഇറെഗുലാരിറ്റീസിനെ സംബന്ധിച്ചാണെങ്കിൽ രൂപയും കൊടുത്തുകഴിഞ്ഞു. പിന്നെ റാറ്റിഫൈ ചെയ്തില്ലെങ്കിൽ വലിയ ക്രൈസിസ് ഉണ്ടാകുമെന്നുള്ളതുകൊണ്ട് അത് റാറ്റിഫൈ ചെയ്തു..... ബഹളം.....എ.ജി.യുടെ കാര്യത്തിൽ മാത്രമല്ല ഇതിനു മുൻപ് പലതിന്റേയും കാര്യത്തിൽ ചിലതൊക്കെ fait accompli ആകുമ്പോൾ ക്യാബിനറ്റ് റാറ്റിഫൈ ചെയ്തിട്ടുണ്ട്. സംഭവം നടന്നു കഴിഞ്ഞിട്ട് റാറ്റിഫൈ ചെയ്തതാണ്. ടെക്നിക്കൽ എറേഴ്സ് ഉണ്ടായപ്പോൾ അത് റാറ്റിഫൈ ചെയ്തു എന്നതല്ലാതെ ഇതിൽ വേറൊരു മിസ്റ്റേക്കും വന്നിട്ടില്ല. ഇത് ആദ്യമായി വന്നതല്ല. ഇതിനുമുൻപ് അങ്ങ് പറയുന്ന ഈ കടലാസ് എല്ലാം വച്ചുകൊണ്ട്, ഈ ഫയലെല്ലാം വച്ചുകൊണ്ട് വേറൊരു പ്രസിദ്ധീകരണത്തിൽ ഇത് വന്നതാണ്. അന്ന് ഞാൻ ഇക്കാര്യം വിശദീകരിച്ചതാണ്. ഇതെല്ലാം പറഞ്ഞതാണ്. അത് റാറ്റിഫൈ ചെയ്യാമെന്ന് പറഞ്ഞ് ഒപ്പിട്ട കാര്യംവരെ പത്രങ്ങളിൽ ഫോട്ടോകോപ്പി സഹിതം വന്നതാണ്. ഈ ഫോട്ടോസ്റ്റാറ്റ് കോപ്പിയൊക്കെ അദ്ദേഹത്തിന് കിട്ടുന്നത്..... ഞാൻ ആളുകളെ ഒന്നും പറയുന്നില്ല. എനിക്കറിയാം എങ്ങനെയാണ് കിട്ടുന്നതെന്ന്. ആരാണ് തരുന്നതെന്നും അറിയാം. എനിക്കതിൽ പരിഭവമൊന്നുമില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, അങ്ങേയ്ക്ക് അറിയാവുന്ന കാര്യം അങ്ങ് ഈ സഭയിൽ ഞങ്ങളെ അറിയിക്കേണ്ട ? അങ്ങേയ്ക്ക് അറിയാവുന്ന കാര്യം മറച്ചുപിടിച്ച് സംസാരിക്കുന്നത് ശരിയാണോ ? അത് ആരാണ് കൊടുത്തത്, അത് എങ്ങനെ കിട്ടി എന്ന് അങ്ങേയ്ക്ക് പറഞ്ഞുകൂടേ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അറിയാവുന്ന എല്ലാ കാര്യങ്ങളും അങ്ങിവിടെ പറയാറുണ്ടോ ? ഇല്ലല്ലോ. അറിയാവുന്ന എല്ലാ കാര്യങ്ങളും പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : സർ, അങ്ങ് പറഞ്ഞല്ലോ.....ഞാൻ പറഞ്ഞതിൽ എന്തെങ്കിലും പിശക് ഉണ്ടെങ്കിൽ ചോദിക്കാം എന്ന്. ഒറ്റചോദ്യം മാത്രം ചോദിക്കാം. 30-7-1998-ൽ അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കണ്ട ഫയലിൽ അങ്ങ് ആദ്യം റിവൈസ്ഡ് A.S. വേണമെന്നുള്ള stand consolidated note -ൽ അങ്ങ് എഗ്രി ചെയ്തു. എഗ്രി ചെയ്ത് ചീഫ് മിനിസ്റ്റർക്ക് സബ്മിറ്റ് ചെയ്തപ്പോൾ ചീഫ് മിനിസ്റ്റർ 'Can it not be postponed for better time' എന്നെഴുതി . അത് കഴിഞ്ഞിട്ടാണ് വരുന്നത് അപ്പോഴേക്കും സാധനം വാങ്ങിച്ചു എന്ന് എ.ജി. പറഞ്ഞു. അങ്ങനെ വന്നു കഴിഞ്ഞപ്പോൾ അങ്ങുതന്നെ 21-6-1999-ൽ അത് റാറ്റിഫൈ ചെയ്തു. അങ്ങ് പറഞ്ഞത് ചീഫ് മിനിസ്റ്റർ റാറ്റിഫൈ ചെയ്തെന്നാണ്. ചീഫ് മിനിസ്റ്റർ റാറ്റിഫൈ ചെയ്തില്ല. അങ്ങിത് പറഞ്ഞതിനുശേഷം ഫിനാൻസ് മിനിസ്റ്റർ പറഞ്ഞത് Procedure as per Rules has to be followed when purchases are made. As it has become a fait accompli, I agree as a Special case. അതിനകത്താണ് ചീഫ് മിനിസ്റ്റർ എഗ്രി ചെയ്തത്. അതിനകത്തുതന്നെ ഈ വൈരുദ്ധ്യം എങ്ങനെ വന്നു ? ഇതിനകത്ത് irregularities ഉണ്ടായി. ഇതിനകത്ത് എ.ജി ugly haste കാണിച്ചു. അതിൽ അങ്ങും കൂട്ടുനിന്നെന്നാണ് ഞാൻ പറഞ്ഞത്.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, എ.ജി. ugly haste കാണിച്ചു എന്നല്ല. 10 ലക്ഷം രൂപയ്ക്ക് താഴെയായിരുന്നെങ്കിൽ ഒരു ഇറഗുലാരിറ്റിയും ഇല്ല. എ.എസ്. കൊടുത്തതാണ്. അദ്ദേഹത്തിന് അറിയാവുന്നതാണ്. 10 ലക്ഷം രൂപയ്ക്ക് കൊടുത്തിട്ടുണ്ട്.

മി. സ്പീക്കർ : പിന്നെ ഒരു ഡിബേറ്റ് ഇല്ല, ഒരു ഡിസ്ക്ഷനില്ല. ഉന്നയിക്കുക, മറുപടി പറയുക, അത്രയേയുള്ളൂ. പ്ലീസ്, പ്ലീസ് .....പ്ലീസ് കൺക്ലൂഡ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, 17-2-1996-ൽ 10 ലക്ഷം രൂപയ്ക്കാണ് എ.എസ്. കൊടുത്തത്. അതിൽ തെറ്റൊന്നുമില്ല. ആ എ.എസിനെ എക്സീഡ് ചെയ്തിട്ട്, 10 ലക്ഷം രൂപ വരെയാണെങ്കിൽ.....ഇപ്പോൾ അഡ്വക്കേറ്റ് ജനറലിന്റെ പ്രൊസീഡ്യൂവറിന് ഒരു കുഴപ്പവുമില്ല. 10 ലക്ഷം രൂപയ്ക്കുള്ള എ.എസ്. കൊടുത്തിരുന്നു. 10 ലക്ഷം രൂപ വരെയുള്ള എ.എസ്. ആണെങ്കിൽ ഒരു പ്രൊസീഡ്യൂവറൽ ഇറെഗുലാരിറ്റീസുമില്ല. 10 ലക്ഷത്തിൽ എക്സീഡ് ചെയ്തപ്പോൾ രണ്ട ഇറെഗുലാരിറ്റീസ് വന്നു. 10 ലക്ഷത്തിൽ കൂടുതലുള്ളതിന് എ.എസ്. വേണം. അതേസമയം ഡി.പി.സി.യും വേണം. ഈ രണ്ട് കാര്യങ്ങളിൽ ഇറഗുലാരിറ്റി ഉണ്ടായി. ഇത് ശ്രദ്ധിക്കാതെ അഡ്വക്കേറ്റ് ജനറൽ ചെയ്തു. കാശും കൊടുത്തു. അതു കഴിഞ്ഞാണ് റാറ്റിഫിക്കേഷൻ വരുന്നത്. റാറ്റിഫിക്കേഷൻ വന്നപ്പോൾ നമ്മുടെ മുൻപിൽ ഒരു വാദഗതിയേയുള്ളൂ. ഒന്നുകിൽ അഡ്വക്കേറ്റ് ജനറലിന് കൊടുത്ത ഈ കാശ് അദ്ദേഹത്തിന്റെ കൈയിൽനിന്ന് കൊടുക്കണം എന്നു പറഞ്ഞിട്ട് അദ്ദേഹത്തെ പിരിച്ചു വിടണം. അല്ലെങ്കിൽ ഇത് റാറ്റിഫൈ ചെയ്തിട്ട് ആ ഇറെഗുലാരിറ്റി റിപ്പീറ്റ് ചെയ്യാതിരിക്കുവാനുള്ള വാണിംഗ് കൊടുക്കണം. ഫിനാൻസ് ഡിപ്പാർട്ടുമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റോർ പർച്ചേസ് പരിശോധിച്ചപ്പോൾ ടെക്നിക്കൽ ഇറെഗുലാരിറ്റീസ് അല്ലാതെ വേറൊരു അഴിമതിയും നടന്നില്ലെന്നു കണ്ടതുകൊണ്ടാണ് ഇത് റാറ്റിഫൈ ചെയ്തത്. അതുകൊണ്ടാണിത് ചെയ്തിരിക്കുന്നത്. അവസാനത്തെ പ്രസംഗമാണ് എന്നാണ് പറയുന്നത്. കഴിഞ്ഞ ഗവൺമെന്റ് ഒന്നും ചെയ്തില്ല. ഒരു കാര്യം ഞാൻ ഇന്നലെ പറഞ്ഞു. ഭക്ഷ്യരംഗത്ത്, യു.ഡി.എഫ്-ന്റെ കാലത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധന 58 ശതമാനമായിരുന്നുവെങ്കിൽ ഇപ്പോൾ 7 ശതമാനമാണ്. ടൂറിസം രംഗത്ത് നല്ല പെർഫോമൻസിനുള്ള ഇന്ത്യാ ഗവൺമെന്റിന്റെ അവാർഡ് തുടർച്ചയായി രണ്ടു വർഷവും കിട്ടിയത് കേരളത്തിനാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഇവിടെ ഞാൻ അവതരിപ്പിച്ച ധനവിനിയോഗ ബില്ലുകളെ സംബന്ധിച്ച ചർച്ചയിൽ 10-ാം നിയമസഭയുടെ അവസാന ദിവസം പ്രതിപക്ഷത്തും ഭരണപക്ഷത്തുമുള്ള ബഹുമാന്യരായ അംഗങ്ങൾ സജീവമായി പങ്കെടുത്തു. സാധാരണ വോട്ട് ഓൺ അക്കൗണ്ടിന്റെ മുകളിലുള്ള അപ്രോപ്രിയേഷനും അതുപോലെ സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റിന്റെ മുകളിലുള്ള അപ്രോപ്രിയേഷനും, രണ്ടു വ്യത്യസ്ത ബില്ലുകളായിട്ടാണ് വരുന്നത്. ഇപ്പോഴും ബില്ലുകൾ വ്യത്യസ്തം തന്നെയാണ്. അതൊന്നിച്ച് അവതരിപ്പിക്കാനും ഡിസ്ക്കഷൻ ഒന്നിച്ച് നടത്താനും അതു വഴി സഭയുടെ സമയം ലാഭിക്കുവാനും സഹകരിച്ച എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളോടും അങ്ങയോടും പ്രത്യേകിച്ച് പ്രതിപക്ഷത്തുള്ള കക്ഷിനേതാക്കളോടും ഞാൻ കൃതജ്ഞത രേഖപ്പെടുത്തുന്നു. ഡിസ്ക്കഷൻ ഒന്നിച്ചു വന്നതുകൊണ്ട് ഇതൊരു യോജിപ്പിന്റെ മേഖലയാണ്. ഏതായാലും അതിനു ഞാൻ നന്ദി പറയുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കാനുണ്ട്. അതുകൊണ്ട് നീട്ടി പ്രസംഗിക്കുന്നില്ല. ഇതിലൊരു ക്ലാരിഫിക്കേഷൻ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. പത്താം കേരള നിയമസഭയുടെ അവസാന സമ്മേളനത്തിലെ അവസാന ദിവസം എന്നുള്ള നിലയ്ക്ക് ഇനി വരുന്നത് പതിനൊന്നാം അസംബ്ലിയാണ്. അതിൽ ഒരു തെറ്റിദ്ധാരണയുമായി എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കൾ ദയവുചെയ്തു പോകരുതെന്നുള്ളതുകൊണ്ട് ഞാൻ ഒരു കാര്യം ഇവിടെ ആദ്യമായി വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. ഇന്നലെ ചർച്ച തുടങ്ങി, ആ ചർച്ച സമാപിക്കുന്ന അവസരത്തിൽ ബഹുമാന്യരായ പ്രതിപക്ഷനേതാവ് കാർഗിൽ ഫണ്ടിന്റെ ടോട്ടൽ കളക്ഷനും ഇന്നേവരെ കൊടുത്ത സംഖ്യയും എത്രയെന്ന് ചോദിച്ചു. അത് അദ്ദേഹത്തിന് ചോദിക്കുവാനുള്ള അവകാശമുണ്ട്. അതിന് അസംബ്ലിയുടെ ഫ്ളോറിൽ കൊടുത്ത ഉത്തരം തന്നെ അദ്ദേഹം സൂചിപ്പിക്കുകയും ചെയ്തു. ഇത്ര ചെലവായി എന്ന്. ബാക്കി നിങ്ങൾ വകമാറി ചെലവു ചെയ്തില്ലേ ? ജവാന്മാർക്കുവേണ്ടി പിരിച്ച പൈസ എന്ന് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ, ആ രീതിയിൽ തന്നെ പറഞ്ഞോ എന്ന് ഓർമ്മയില്ല. ഏതായാലും ആ ഒരു Insinuation വളരെ സ്പഷ്ടം ആയിട്ട് വന്നിരിക്കുന്നു. സ്വാഭാവികമായിട്ടും വളരെ വികാരപരമായ പ്രശ്നമാണ്. അതിർത്തി സംരക്ഷിക്കുന്നതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

മരിച്ചുവീണ നമ്മുടെ ജവാന്മാരുടെ കുടുംബങ്ങളെ അവരെ വിഷമിപ്പിക്കാൻ പാടില്ല എന്ന് നമുക്കെല്ലാപേർക്കും അഭിപ്രായമുണ്ട്. ആ നിലയ്ക്ക് അവർക്ക് സാമ്പത്തിക സഹായം നൽകണം. വീട് ഇല്ലാത്തവർക്ക് സ്ഥലവും വീടും നൽകാനും മേജറായിട്ടുള്ള അനുജനോ ചേച്ചിയോ ഉണ്ടെങ്കിൽ അവർക്ക് ഗവൺമെന്റിൽ ജോലി കൊടുക്കാനും ഗവൺമെന്റ് നടപടികൾ എടുത്തു. പക്ഷേ, അത് പറയുന്ന അവസരത്തിൽ ബാക്കിയുള്ള പണം എന്തുകൊണ്ട് ചെലവഴിച്ചില്ല എന്ന് ചോദിച്ചപ്പോൾ "ഇത്ര ആളുകളേ മരിച്ചുള്ളൂ, അതിലും കൂടുതൽ ആളുകൾ മരിച്ചാലല്ലേ കൊടുക്കാൻ പറ്റൂ" എന്ന് ഞാൻ പറഞ്ഞു. ആ പറഞ്ഞത് വാസ്തവത്തിൽ പറയേണ്ടിയില്ലായിരുന്നു. ആ രീതിയിൽ പ്രസന്റ് ചെയ്യേണ്ടിയില്ലായിരുന്നു. കാരണം ഇനിയും അതിനുവേണ്ടി ആളുകൾ ചാവണോ എന്നു ഞാൻ ആലങ്കാരികമായി ചോദിച്ചു . അത് പറയാൻ പാടില്ലായിരുന്നു. അത് പിശകായിപ്പോയി. അത് തിരുത്താതെ ഞാൻ പോകുന്നത് ശരിയല്ല. പിശകെന്ന് എനിക്ക് തോന്നിയാൽ തിരുത്താതെ പോകാൻ പറ്റില്ലല്ലോ. അതുകൊണ്ട് ഞാൻ പറയുമ്പോൾ ദയവായി വിശ്വസിക്കാൻ ശ്രമിക്കുക. Try to believe me when I say അത് intentional ആയിരുന്നില്ല. സർ, അതുകൊണ്ടാണ് അങ്ങനെയൊരു സ്ലിപ്പ് ഓഫ് ദി ടങ്ങ് അല്ലെങ്കിൽ ഞാൻ പറയണമെന്നു ഉദ്ദേശിക്കാത്ത കാര്യം വന്നു പോയത്. അതിൽ എനിക്ക് ഖേദമുണ്ട്. അതിൽ ആർക്കെങ്കിലും വികാരമുണ്ടായിട്ടുണ്ടെങ്കിൽ ആരെയെങ്കിലും ഞാൻ എന്നേക്കാൾ കൂടുതൽ വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ നിശ്ചയമായും അത് പാടില്ലാത്തതാണ്. ഞാൻ നിർവ്യാജം ക്ഷമ ചോദിക്കുന്നു. If it is so, I am sorry.. ഇനി ഒന്നുകൂടി പറയട്ടെ. ഈ ഫണ്ടിൽ നിന്നുള്ള ധനസഹായം കാർഗിൽ യുദ്ധത്തിൽ മരണമടഞ്ഞ ജവാന്മാരുടെ കുടുംബത്തിനുള്ള ധനസഹായമായി മാത്രമല്ല. കൊടുക്കുന്നത്, കാശ്മീരിൽ നിരവധി സംഭവങ്ങളിൽ. ഓരോ ദിവസം ഓരോരുത്തർ മരണമടയാറുണ്ട്. അവരുടെ ആശ്രിതർക്കുംകൂടി കൊടുക്കാറുണ്ട്. ആ ഫണ്ടിൽ ഇനിയുള്ള തുക എന്ത് ചെയ്യണമെന്നതിനെ സംബന്ധിച്ച് കാബിനറ്റിൽ ഡിസ്കസ് ചെയ്തു. അതിലേയ്ക്കായി ഗവൺമെന്റ് ഒരു പ്രത്യേക സ്കീം ഉണ്ടാക്കിയിട്ടുണ്ട്. അതല്ലാതെ ആ പണം വകമാറി വേറെ കൊണ്ടുപോയി ചെലവഴിക്കണമെന്നോ അത് അപഹരിക്കണമെന്നോ ഉള്ള ഒരു ധാരണ ഗവൺമെന്റിന് ഇല്ലെന്നു ഞാൻ പറയുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ വ്യക്തിപരമായി ആക്ഷേപിക്കണമെന്ന ഒരു ചിന്ത എനിക്കില്ലായിരുന്നു. എനിക്ക് വേദനയുണ്ടാക്കിയ പ്രശ്നം, 13 കോടിയിൽപ്പരം രൂപ കാർഗിൽ യുദ്ധം ഉണ്ടായ അവസരത്തിൽ ജനങ്ങൾ ഈ സർക്കാരിനെ ഏൽപ്പിച്ചു. ജനങ്ങളുടെ ധാരണ ഈ തുകയിൽ നല്ല പങ്ക് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് പോകുമെന്നുള്ളതായിരുന്നു. നമ്മൾ ഒന്നും കൊടുത്തില്ല. അത്

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ വിവേചനാധികാരമാണ്. പ്രധാനമന്ത്രിക്ക് നമ്മൾ പിരിക്കുന്ന കാശ് ആവശ്യപ്പെടാൻ പറ്റില്ല. പക്ഷേ കാർഗിലിന്റെ പേരിൽ പിരിക്കുമ്പോൾ സ്വാഭാവികമായും അതിന്റെ ഒരു പോർഷൻ അങ്ങോട്ട് കൊടുക്കും. അത് കൊടുക്കുകയോ, കൊടുക്കാതിരിക്കുകയോ ചെയ്യട്ടെ. കാർഗിൽ യുദ്ധം കഴിഞ്ഞിട്ട് ഒരു വർഷം കഴിഞ്ഞു. നിങ്ങൾ 13 കോടി രൂപയിൽ രണ്ട് കോടി രൂപ ചെലവാക്കി. 11 കോടി രൂപ കൈയിൽ മിച്ചമായി ട്രഷറിയിൽ സൂക്ഷിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അസംബ്ലിയിൽ നൽകിയ മറുപടി അനുസരിച്ച് ആ പണം കേന്ദ്ര ഗവൺമെന്റിലേക്ക് കൈമാറുന്നില്ല. പ്രധാനമന്ത്രിയുടെ റിലീഫ് ഫണ്ടിലേക്ക് കൊടുക്കുന്നില്ല. കേരളത്തിലെ സൈനിക ക്ഷേമ നിധിയിലേക്ക് കൊടുക്കുന്നു എന്നാണ് മറുപടി നൽകിയത്. ആ മറുപടി ഇവിടെ ഉണ്ട്. സൈനിക ക്ഷേമനിധിയിൽ കിടക്കുന്ന പണം കാർഗിൽ യുദ്ധത്തിൽ പങ്കെടുത്തവർക്കാകാം. കാശ്മീർ യുദ്ധത്തിൽ പങ്കെടുത്തവർക്കാകാം. പാകിസ്ഥാൻ വാറിൽ പങ്കെടുത്തവർക്കാകാം. ചൈനീസ് വാറിൽ പങ്കെടുത്തവർക്കാകാം. യുദ്ധത്തിൽ അല്ലാത്ത എക്സ് സർവ്വീസ് മെൻ-ന്റെ ക്ഷേമപ്രവത്തനങ്ങൾക്കാവാം. ഞാൻ രണ്ട് പ്രാവശ്യം മുഖ്യമന്ത്രി ആയിരുന്ന ആളാണ്. സൈനിക ക്ഷേമനിധിയുടെ കേരളത്തിലെ ചെയർമാൻ മുഖ്യമന്ത്രിയാണ്. ഞാൻ രണ്ടു പ്രാവശ്യം അതിൽ പ്രവർത്തിച്ചതാണ്. പണ്ട് കേരളത്തിൽ പട്ടാളത്തിൽ പണിയെടുത്ത പതിനായിരക്കണക്കിനാളുകളുടെ അപേക്ഷ കെട്ടിക്കിടക്കുകയായിരുന്നു. പണ്ടൊന്നും പണമില്ലായിരുന്നു. ഇപ്പോൾ നിങ്ങൾ കേന്ദ്രത്തിൽ ഈ പണം കൊടുക്കാത്ത സാഹചര്യത്തിൽ 13 കോടി രൂപ കിട്ടിയപ്പോൾ രണ്ട് കോടി രൂപ ചെലവാക്കിയതിനുശേഷം ബാക്കി 11 കോടി രൂപ എക്സ് സർവ്വീസ്മെൻ, യുദ്ധത്തിൽ മരിച്ചവരുടെ കുടുംബങ്ങൾ പരിക്കേറ്റവരുടെ കുടുംബങ്ങൾ തുടങ്ങിയവർക്കു കൊടുക്കുന്നതിനു പകരം നിങ്ങൾ ട്രഷറിയിൽ സൂക്ഷിച്ചത് വളരെ ഗുരുതരമായ ഒരു വീഴ്ചയാണ് എന്നാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. അതുപോലെതന്നെ ഗുജറാത്ത് രണ്ട് കോടി എൺപത്തിയെട്ട് ലക്ഷം രൂപ കിട്ടിയിട്ട് 25 ലക്ഷം രൂപ മാത്രം കൊടുത്തത് ഗുരുതരമായ ഒരു വീഴ്ചയാണ്. അത് അങ്ങയുടെ Slip of the tongue- മാത്രമല്ല, കാർഗിലിന്റെ പേരിൽ, ഗുജറാത്തിന്റെ പേരിൽ കിട്ടിയത് അടിയന്തിരമായി ആ പർപ്പസ്സിനുവേണ്ടി സൂക്ഷിച്ചത് ഗുരുതരമായ ഒരു വീഴ്ചയായിപ്പോയി. അത് അങ്ങയുടെ കൈയിലുള്ള വാഗ്വിലാസംകൊണ്ട് ന്യായീകരിക്കാൻ ശ്രമിക്കരുത്. അത് ഈ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുള്ള ഗുരുതരമായ ഒരു വീഴ്ചയാണെന്നാണ് എന്റെ അഭിപ്രായം. ഞാനത് ആവർത്തിക്കുകയാണ്. അല്ലാതെ അങ്ങയോടുള്ള അനാദരവ് കൊണ്ടല്ല.

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഞാൻ പറഞ്ഞത് അനാദരവിന്റേയും ആദരവിന്റേയും പ്രശ്നമല്ല. Slip of the tongue- ആണെന്ന് പറഞ്ഞു. ഇനിയും മരിക്കണമോ എന്ന് ഞാൻ ചോദിച്ചു If it is so, I regret - എന്നു ഞാൻ പറഞ്ഞു. അത് പറയേണ്ടത് ഒരു മര്യാദയാണെന്നു എനിക്ക് തോന്നി. അതോടുകൂടി ഒഴിഞ്ഞു എന്നാണ് ഞാൻ വിചാരിച്ചത് Sir, Humility should not be mistaken for ignorance or incompetence വിനയം അജ്ഞതയായോ

LIBRARY ARCHIVES Kerala Legislative Assembly

അല്ലെങ്കിൽ.....അങ്ങ് അത് ആ രീതിയിൽ കാണുമെന്ന് ഞാൻ വിചാരിച്ചില്ല. അങ്ങനെ വിചാരിക്കരുതെന്ന് ഞാൻ ഇപ്പോഴും അപേക്ഷിക്കുന്നു. കാർഗിൽ യുദ്ധം കഴിഞ്ഞ് നിരവധി പ്രശ്നങ്ങളുണ്ടായികൊണ്ടിരിക്കുകയാണ്. ഒരു കൊല്ലമായി ഇടയ്ക്കിടയ്ക്ക് കൊടുത്തുകൊണ്ടിരിക്കുകയാണ്. ഓരോ പ്രാവശ്യവും ക്യാബിനറ്റിൽ വരുന്ന അജണ്ടയിൽ ഇത്തരത്തിലൊരു ഐറ്റമുണ്ടാകും. കാർഗിൽ യുദ്ധത്തിൽ മാത്രമല്ല, അവിടെ നടന്നിട്ടുള്ള ഏത് സംഭവങ്ങളിലും കോൺഫ്ളിക്ടുകളിലും പങ്കെടുത്ത് മരിക്കുന്ന ജവാന്മാരുടെ ആശ്രിതർക്കും ഇതിൽനിന്നാണ് ധനസഹായം. അല്ലാതെ മുഖ്യമന്ത്രിയുടെ പണമെടുത്ത് പ്രധാനമന്ത്രിക്ക് അയയ്ക്കാനല്ല. മലയാളി ജവാന്മാർ വന്ന് കഷ്ടപ്പെടുമ്പോൾ അവർക്ക് കൊടുക്കുന്നു. അതുകൊണ്ട് ആ കോൺസെപ്റ്റിൽ ഗവൺമെന്റിന് തീരുമാനമെടുക്കാൻ അധികാരമുണ്ട്. ആ തീരുമാനമേ ഗവൺമെന്റ് എടുത്തിട്ടുള്ളൂ. അല്ലാതെ മിസ്യൂസ് ചെയ്തിട്ടില്ല. പിന്നെ എനിക്കൊരു കാര്യം പറയുവാനുള്ളത് ഈ ഗവൺമെന്റ് വാഗ്ദാനങ്ങൾ പാലിക്കുന്നില്ല എന്നുള്ള ആക്ഷേപം ഇവിടെ ഉന്നയിച്ചു. ഇത് ആരാണ് പറയുന്നതെന്ന് അറിയുമോ ? വാഗ്ദാന ലംഘനം കുലത്തൊഴിലാക്കിയവരാണ് ഇത് പറയുന്നത്. അതിന് ഉദാഹരണം പറയാം. 1991-ൽ നിങ്ങൾ വച്ച മാനിഫെസ്റ്റോയിൽ എന്താണ് പറഞ്ഞത് ? നിങ്ങൾക്ക് അധികാരം കിട്ടി 100 ദിവസത്തിനകം 1990 ജൂലൈയിലെ വില നിലവാരത്തിലേക്ക് സാധനങ്ങളുടെ വില കൊണ്ടുപോകുമെന്നാണ് പറഞ്ഞത്. ആ വില നിലവാരത്തിലേക്ക് സാധനങ്ങളുടെ വില കൊണ്ടുപോയില്ല എന്നു മാത്രമല്ല നാലിരട്ടി വിലക്കയറ്റം ഉണ്ടാക്കുകയല്ലേ ചെയ്തത് ? നിങ്ങളുടെ വാഗ്ദാനം ആരെങ്കിലും.....നിങ്ങൾ സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ചെയ്ത വാഗ്ദാനങ്ങൾ മുഴുവൻ തേഞ്ഞ നാണയത്തിന്റെ പ്രതീതിയായി. പഴയ ചാക്കും നിങ്ങളുടെ വാക്കും ഒരുപോലെ ആണെന്ന് ഞാൻ പറയുകയില്ല. കാരണം പഴയ ചാക്കിന് അൽപം വില ഉള്ളതുകൊണ്ട്. ഞാൻ ചോദിക്കുന്നു ആ രീതിയിലുള്ള വാഗ്ദാന ലംഘനം, അത് എണ്ണിയെണ്ണി പുലരുംവരെ പറഞ്ഞാൽ തീരുമോ ? വാഗ്ദാനം പാലിച്ച ആളുകൾ. മറ്റൊരു കാര്യം നിങ്ങൾ പറഞ്ഞത് ഇവിടെ ഈ അഞ്ച് കൊല്ലം യാതൊന്നും നടന്നിട്ടില്ലായെന്നാണ്. അങ്ങനെയങ്ങ് ബ്ലാങ്കായി പറയാമോ ? ഇവിടെ വേറെ ഡിസ്കഷൻ വന്നിട്ടില്ല. ചില പോയിന്റ്സുകളേ പറയുന്നുള്ളൂ. ഈ നിയമസഭാ മന്ദിരം തന്നെ അതിന് സാക്ഷിയാണ്. അഹല്യയെ ശപിച്ച് ശിലയായി കിടന്നതുപോലെ എത്ര കൊല്ലമായി സ്കെൽടൺപോലെ തിരുവനന്തപുരം പട്ടണത്തിന് ഒരു അപമാനമായിട്ട് നിന്നിരുന്നതാണ്. .....(ബഹളം).....കേൾക്കുമ്പോൾ വിഷമമുണ്ടാകും. സുഖമായിട്ട് ഇരുന്നിട്ടാണല്ലോ പറയുന്നത്. ഇന്ത്യയിൽവച്ച് ഏറ്റവും നല്ല അസംബ്ലി മന്ദിരങ്ങളിൽ ഒന്നായി ഇതിനെ പണിതീർക്കാൻ എന്ത് സാമ്പത്തിക വിഷമതയുണ്ടെങ്കിലും അതിന് മുൻഗണന കൊടുത്ത് കംപ്ലീറ്റ് ചെയ്തുവെന്ന് എന്നെങ്കിലും നിങ്ങൾ അംഗീകരിക്കണ്ടേ ? ബഹുമാനപ്പെട്ട അങ്ങ് ചെയ്യുമെന്ന് എനിക്ക് വിശ്വാസമുണ്ട്. അതുപോലെ എം.എൽ.എ. ഫ്ളാറ്റ് inaguration stage- ൽ ആയിരിക്കുകയാണ്. കല്ലിടുകയല്ല ചെയ്തത് ? പണി കഴിഞ്ഞിരിക്കുകയാണ്. അതുപോലെ സെക്രട്ടേറിയറ്റ് അനക്സ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ 5 കൊല്ലം കൊണ്ട് തിരുവനന്തപുരം പട്ടണത്തിന്റെ മുഖച്ഛായ മാറിയില്ലേ ? നിങ്ങൾക്ക് നിഷേധിക്കാൻ സാധിക്കുമോ ? തിരുവനന്തപുരം പട്ടണത്തിന്റെ വികസനം ചെറുതാണോ ? എങ്ങനെ അത് നിഷേധിക്കുവാൻ സാധിക്കും ? ഞാൻ ഇപ്പോൾ തിരുവനന്തപുരത്തായതുകൊണ്ടാണ് പറയുന്നത്. അങ്ങനെ ഓരോ സ്ഥലത്തും വികസനം നടന്നിട്ടുണ്ട്. ഇല്ലായെന്ന് പറയാൻ കഴിയുകയില്ല. കൊച്ചിയിലും വികസനം നടത്തിയിട്ടുണ്ട്. കല്ലിട്ടു പോകുന്ന ഗവൺമെന്റല്ല, കല്ലിട്ടവർ അപ്പുറത്തിരിക്കുന്നവരാണ്. പൂയംകുട്ടി പദ്ധതിക്ക് കല്ലിട്ടവരല്ലേ നിങ്ങൾ ? എം.എൽ.എ. മാരെ കൊണ്ടുപോകുവാൻ രണ്ട് സ്പെഷ്യൽ ബസ്, കല്ല് കാണാൻ, ഞാനുണ്ടായില്ല, ഞാൻ പോയില്ല, എനിക്കറിയാം പൂയംകുട്ടിക്ക് സമ്മതം കിട്ടിയില്ലായെന്ന്. അതുകൊണ്ട് ഞാൻ പോയില്ല, ഞാൻ ഇല്ലായിരുന്നു ആ ബസ്സിൽ. കാരണം, കല്ല് കാണാനോ ? കല്ലിട്ടത് എന്തിനാണ് ? പൂയംകുട്ടിക്ക് ഇന്നേവരെ ഫോറസ്റ്റ് കൺസർവേഷൻ ആക്ടിന് എക്സംഷൻ കിട്ടിയിട്ടുണ്ടോ ? ഇന്നേവരെ പൂയംകുട്ടി ക്ലിയർ ചെയ്തിട്ടുണ്ടോ..... (ബഹളം).....പറയുമ്പോൾ പൊള്ളും.....(ബഹളം).....പറയുമ്പോൾ പൊള്ളുന്നു. പൂയംകുട്ടിക്ക് കല്ലിട്ട് ജനങ്ങളെ നിങ്ങൾ വഞ്ചിച്ചില്ലേ ? ഞാൻ ചോദിക്കട്ടെ, കായംകുളം പദ്ധതിക്ക് മുഖ്യമന്ത്രിയും കേന്ദ്രവൈദ്യുതി മന്ത്രിയും ഓരോ കല്ലിട്ടില്ലേ ? എന്നിട്ട് നടന്നോ ? കായംകുളം പദ്ധതി തുടങ്ങി, അത് കമ്മീഷൻ ചെയ്തു. പൂയംകുട്ടിക്ക് കല്ലിട്ടത് ഓവ് പാലത്തിനാണ്, പദ്ധതിക്കല്ല. കൾവെർട്ടിന് കല്ലിട്ടിട്ട് പദ്ധതിക്ക് കല്ലിട്ടുവെന്ന് പറഞ്ഞില്ലേ ? എന്റെ മണ്ഡലത്തിലെ പുതുശ്ശേരിയിൽ കോൺഗ്രസ്സിന്റെ പഴയ റെയിൽവേ മന്ത്രി ഈ കല്ല് ഇപ്പോഴും അവിടെ ഉണ്ട്. ഇന്റഗ്രൽ കോച്ച് ഫാക്ടറിക്കുള്ള കല്ല് അവിടെ കിടപ്പാണ്. എത്ര കാലമായി കല്ലിട്ടിട്ട് ? ഇങ്ങനെ കല്ലിട്ടിട്ട് വെറും കല്ലിമ്പിൽ കല്ലായി, ശിലയായി നിന്ന ആളുകൾ അപ്പുറത്താണിരിക്കുന്നത്, ഇപ്പുറത്തല്ല, കല്ലിടലല്ല, നിങ്ങൾ ഇട്ട കല്ലിനൊക്കെ ജീവൻ കൊടുത്ത്, നിങ്ങൾ ശപിച്ച് കല്ലാക്കിയ അഹല്യമാർക്ക് മോക്ഷം കൊടുത്തവരാണ് ഇപ്പുറത്തിരിക്കുന്നത് എന്ന് നിങ്ങൾ മനസ്സിലാക്കണം. യാതൊരു സംശയവും വേണ്ട.....(ബഹളം).....ഇതിൽ മറ്റൊരു കാര്യം പറയാനുള്ളത്, തൊഴിലില്ലായ്മ പരിഹരിക്കുമെന്ന് പറഞ്ഞു..... ബഹളം.....

മി. സ്പീക്കർ : പ്ലീസ്.....(ബഹളം).....പ്ലീസ്

ശ്രീ. ടി. ശിവദാസമേനോൻ : തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് നിങ്ങൾ എന്തുചെയ്തുവെന്ന് ചോദിച്ചു. ഈ അഞ്ചുകൊല്ലം കൊണ്ട് 1,68,000 -ത്തോളം തൊഴിൽ രഹിതരെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിമയിച്ചു. ഇപ്പോഴോ ? 10 ശതമാനം കട്ട് ചെയ്യാൻ വേണ്ടിയുള്ള തീരുമാനമാണ്. എല്ലാ സംസ്ഥാനങ്ങളും സ്റ്റാഫ് സ്ട്രെംന്ത് കട്ട് ചെയ്യുമ്പോൾ ഇവിടെ ലക്ഷക്കണക്കിന് ആളുകളെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും സർക്കാർ സർവ്വീസിൽ എടുക്കുന്നു. പൊതുമേഖലയിൽ കെ.എസ്.എഫ്.ഇ.യിൽ 1000 ജീവനക്കാരെ എടുത്തു.....(ബഹളം).....

മി. സ്പീക്കർ : പ്ലീസ്.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : .....(ബഹളം).....ഒടുവിൽ പറയാം. ഞാൻ ഒന്ന് പറഞ്ഞോട്ടെ.....(ബഹളം)..... ഞാൻ അവസാനം വഴങ്ങാം.....(ബഹളം).....

ശ്രീ. എ. കെ. ആന്റണി : ഇന്ന് അങ്ങ് ഇവിടെ പറഞ്ഞ അഹല്യയുടെ ശാപമോക്ഷം മുതൽ തിരുവനന്തപുരം നഗരം മുഴുവൻ വളരെ ക്ലീൻ ആക്കിയ വിവരവും ഞാൻ കേട്ടിരുന്നില്ലേ, അങ്ങ് പറയുന്നു, ഈ സർക്കാർ വന്നതിന് ശേഷം അസംബ്ലി മന്ദിരം മുതൽ തിരുവനന്തപുരം വരെ വളരെ വൃത്തിയാക്കിയെന്ന് . എനിക്ക് അങ്ങയോട് ചോദിക്കുവാനുള്ളത്, ഇത് 10-ാം കേരള നിയമസഭയുടെ അവസാന സമ്മേളനത്തിന്റെ അവസാന ദിവസമാണല്ലോ, ഇത്രയൊക്കെ വലിയ കാര്യം ചെയ്ത അങ്ങ് നാളെ മുതൽ എങ്കിലും ഈ സംസ്ഥാനത്തുള്ള ഈ വണ്ടിചെക്കുകൾ ക്ലീയർ ചെയ്യാൻ എന്തെങ്കിലും ഏർപ്പാട് ചെയ്യാൻ തയ്യാറുണ്ടോ ?

ശ്രീ. ടി. ശിവദാസമേനോൻ : ഞാൻ ചോദിക്കട്ടെ, പ്രതിപക്ഷനേതാവ് ചോദിക്കുമ്പോൾ വഴങ്ങണമെന്നുള്ളതുകൊണ്ട് വഴങ്ങിയതാണ്. ഇത്രയും ഈ രീതിയിൽ പ്രതിപക്ഷനേതാവ് പെരുമാറുമെന്ന് ഞാൻ മനസ്സിലാക്കിയില്ല .....(ബഹളം)..... അല്ല, സർ, ഒരു പ്രസംഗം അല്ലായെന്നാണ് ഞാൻ ഉദ്ദേശിച്ചത്.....(ബഹളം)..... എത്ര പ്രാവശ്യം ഞാൻ വഴങ്ങി, അതുകൊണ്ട് .....(ബഹളം)..... അതുപോലെ തന്നെ.....(ബഹളം).....സർ, ഞാൻ സംസാരിക്കട്ടെ..... (ബഹളം)..... ഏതാണ് വേണ്ടത്.....(ബഹളം)..... (ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ പ്രസ്താവനയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലേക്ക് ഇറങ്ങിവന്ന് ബഹളം വച്ചു. ഇതിനെത്തുടർന്ന് ഭരണകക്ഷിയിലെ ചില അംഗങ്ങളും മുൻനിരയിലേക്ക് വന്ന് ബഹളം വച്ചു.)

മി. സ്പീക്കർ : പ്ലീസ് , പ്ലീസ് , പ്ലീസ്.....എല്ലാവരും സീറ്റുകളിലേയ്ക്ക് പോകുക, പ്ലീസ്.....(ബഹളം).....എല്ലാവരും സീറ്റുകളിലേയ്ക്ക് പോകുക. സഭ തുടരാം, സഭ തീർന്നില്ല, എല്ലാവരും സീറ്റുകളിലേയ്ക്ക് പോകുക.....(ബഹളം) .....പ്ലീസ്, സീറ്റുകളിലേയ്ക്ക് പോകുക, അവിടെ നില്ക്കാൻ പാടില്ല, സീറ്റുകളിലേയ്ക്ക് പോകുക, പ്ലീസ്, പ്ലീസ്, ...(ബഹളം).....അവിടെ നില്ക്കാൻ പാടില്ല,.....(ബഹളം).....

ശ്രീ. ടി. ശിവദാസമേനോൻ : മറ്റൊരു കാര്യം, ഇവിടെ വെല്ലുവിളികൾ കേൾക്കുകയുണ്ടായി.

മി. സ്പീക്കർ : പ്ലീസ് .....(ബഹളം).....അദ്ദേഹം സംസാരിക്കുകയാണ്.

ശ്രീ. ടി. ശിവദാസമേനോൻ : നമുക്ക് ജനകീയ കോടതിയിൽവച്ച് കാണാമെന്ന് വെല്ലുവിളികൾ ഉണ്ടായി.....(ബഹളം).....

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ഒരു മിനിട്ട് പറയട്ടെ.....(ബഹളം).....പ്ലീസ്, പ്ലീസ്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി : സർ, സർ,

മി. സ്പീക്കർ : അങ്ങേയ്ക്ക് സംസാരിക്കാം.....(ബഹളം).....

ശ്രീ. എ. കെ. ആന്റണി : അങ്ങ് എനിക്ക് മൈക്ക് തന്നിരിക്കുകയാണ്.

മി. സ്പീക്കർ : അങ്ങേയ്ക്ക് സംസാരിക്കാം.

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, ഞാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട് പ്രകോപനപരമായി ഒരു കാര്യവും ചോദിച്ചില്ല. ഈ സർക്കാർ വന്നതിനുശേഷം നിയമസഭാ മന്ദിരത്തിന്റെ പണിയും എം.എൽ.എ. ഹോസ്റ്റലിന്റെ പണിയും ഉൾപ്പെടെ ഈ നാട്ടിൽ നടത്തിയ വികസനപ്രവർത്തനങ്ങളുടെ കാര്യം പറഞ്ഞപ്പോൾ ഞാൻ പറഞ്ഞു, കഴിഞ്ഞ കുറെ മാസങ്ങളായി കേരളത്തിലെ ട്രഷറി നിയന്ത്രണംകൊണ്ട് പാവപ്പെട്ടവൻ മാസങ്ങളായി പ്രയാസപ്പെടുകയാണ്. അതുകൊണ്ട് ട്രഷറികളിലെ നിയന്ത്രണം പിൻവലിച്ച് വണ്ടിച്ചെക്ക് മാറിക്കൊടുക്കാൻ നടപടി സ്വീകരിക്കണം എന്നുപറഞ്ഞപ്പോൾ അദ്ദേഹം എന്റെ നിലവാരതകർച്ചയെക്കുറിച്ചാണ് പറഞ്ഞത്. ഈ നിലയിൽ അദ്ദേഹം സംസാരിക്കുന്നു. കുറേ മണിക്കൂറുകളായി ഭരണകക്ഷി സ്വീകരിക്കുന്ന നിലപാട് ഇതാണ്. ഇങ്ങനെ ഈ നിലയിലേയ്ക്ക് ഈ അസംബ്ലിയുടെ നിലവാരം താഴ്ത്തിക്കൊണ്ടുപോകുന്ന സാഹചര്യത്തിൽ ഞങ്ങൾ ഇനിയുള്ള സഭാനടപടികളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നില്ല.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ച് സഭവിട്ട് പുറത്തുപോയി)

മി. സ്പീക്കർ : ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി,

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : പ്രതിപക്ഷനേതാവ്, ലീഡർ ഓഫ് ദ ഹൗസ് എന്നൊക്കെ പറഞ്ഞാൽ അവർക്ക് ഒരു പ്രത്യേക സ്ഥാനം അസംബ്ലിയിലുണ്ട്. അത് വകവച്ചുകൊടുക്കുമ്പോൾ അതിന്റെ പേരിൽ അത് മിസ്യൂസ് ചെയ്യരുത്. അത് വക വച്ചുകൊടുത്ത്, അദ്ദേഹം എണീറ്റുനിന്നപ്പോൾ ഞാൻ വഴങ്ങിയതുകൊണ്ട് തോന്നുമ്പോൾ അതിലങ്ങു കയറി ആക്രമിച്ചുകളയാം എന്നു വച്ചാൽ വിടാൻ പോകുന്നുണ്ടോ ? അങ്ങനെ ആക്രമണം കേട്ടവരാണോ ? പിന്നെ ഞാൻ ഒരു കാര്യം പറയാൻ പോകുന്നത്, ഈ വെല്ലുവിളി ജനകീയ കോടതിയിൽ കാണാം എന്നാണ് ബഹുമാന്യനായ പ്രതിപക്ഷനേതാവ് എ.കെ. ആന്റണിയുടെ പ്രവചനം. 1980-ൽ നായനാർ ഗവൺമെന്റിനെ വഞ്ചിച്ച് താഴെയിറക്കിയതിനുശേഷം ബഹുമാന്യനായ എ.കെ. ആന്റണി പറഞ്ഞത് എന്താണെന്നറിയാമോ ? 100 കൊല്ലത്തേയ്ക്ക് കേരളത്തിൽ കമ്മ്യൂണിസ്റ്റുകാർ അധികാരത്തിൽ വരില്ല എന്നാണ്. എവിടെ പോയി നിങ്ങളുടെ ശാപം ? 1987-ൽ പൂർവ്വാധികം ശക്തിയോടുകൂടി ഇടതുപക്ഷ ജനാധിപത്യ മുന്നണി തിരിച്ചുവന്നു. 100 കൊല്ലത്തേയ്ക്ക് കേരളത്തിൽ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ വരില്ല എന്ന് ശപിച്ച ആളാണ്. വലിയ ദിവ്യത്വമൊന്നും

LIBRARY ARCHIVES Kerala Legislative Assembly

കാണിക്കണ്ട. ഏതു നേതാവായാലും സൂപ്പർ ഹ്യൂമൻ ആകണ്ട. മനുഷ്യൻ ആയിട്ട് നിലത്തുനിൽക്കണ്ടേ? ആകാശത്തുനിന്നാൽ പറ്റുമോ ? അതുകൊണ്ട് അവർക്ക് ഇവിടെ ആവശ്യമെന്താണ് ? അവർ ബി.ജെ.പി.യുടെ അതേ നയങ്ങൾ നടപ്പിലാക്കുന്നു. ഞാൻ ഒറ്റ കാര്യമേ പറഞ്ഞുള്ളൂ. അത് അവർക്ക് സഹിക്കുന്നില്ല. ഞാൻ ചോദിക്കട്ടെ, ഇവിടെ ബി.ജെ.പി.ക്ക് ബദലാകാൻ കോൺഗ്രസിന് കഴിയുമോ ? കോൺഗ്രസിനു ബദാകാൻ ബി.ജെ.പി.ക്ക് കഴിയുമോ ? കഴിയില്ല. രണ്ടാളും ഇളയപ്പൻ മൂത്താപ്പൻ മക്കളാണ്. രണ്ടാൾക്കും ഒരു വർഗ്ഗതാൽപ്പര്യം, ഒരേയൊരു വർഗ്ഗനയം. ഇവർക്ക് രണ്ട് നയമില്ല. ആൾട്ടർനേറ്റീവുണ്ടോ ? അതുകൊണ്ടാണ് ഇൻഡ്യൻ രാഷ്ട്രീയത്തിൽ ഒരു third Alternative ന്റെ പ്രസക്തി വരുന്നത്. ബി.ജെ.പി.ക്ക് കോൺഗ്രസിന് ബദലാകാനും കഴിയില്ല, കോൺഗ്രസിന്റെ ബദലാകാനും ബി.ജെ.പി.ക്ക് കഴിയില്ല. അതുകൊണ്ടാണ് ഇത് രണ്ടിനും എതിരായി ആൾട്ടർനേറ്റീവ് പ്രോഗ്രാം ഉള്ള ഒരു മൂന്നാം ബദൽ. ആരാണ് ബദൽ എന്നുള്ളതല്ല പ്രധാനം. എന്താണ് ബദൽ എന്നതാണ്. ബി.ജെ.പി.യും കോൺഗ്രസും തുടരുന്ന ഈ സാമ്പത്തിക നയങ്ങൾക്കും മറ്റ് നയങ്ങൾക്കും ജനദ്രോഹനയങ്ങൾക്കും വർഗ്ഗീയതയ്ക്കുമൊക്കെ എതിരായി സെക്കുലറിസത്തിന്റെ, മതേതരത്വത്തിന്റെ അതുപോലെതന്നെ, ഈ രാജ്യത്തെ പണയപ്പെടുത്താത്ത, രാജ്യത്തിന്റെ സ്വാശ്രയ സമ്പദ്ഘടന കെട്ടിപ്പടുത്തുകൊണ്ട് മുന്നോട്ടു പോകുന്ന ഐശ്വര്യപൂർണ്ണമായ ഒരു പുതിയ ഇൻഡ്യ, നല്ലൊരു ഇൻഡ്യ ഉണ്ടാക്കാൻ ഒരു മൂന്നാം ബദൽ എന്നുവച്ചാൽ ഇവരുടെ രണ്ടാളും അല്ലാത്ത ആൾ, 3rd ആൾട്ടർനേറ്റീവ് . അതാണ് ആൾട്ടർനേറ്റീവ് പൊളിറ്റിക്സിൽ, ഇൻഡ്യൻ പൊളിറ്റിക്സിൽ, ദേശീയ രാഷ്ട്രീയത്തിൽ ആ മൂന്നാം ആൾട്ടർനേറ്റീവിന്റെ ബദലിന്റെ പ്രസക്തി . ആ പ്രസക്തി ഇവർ മനസ്സിലാക്കുന്നില്ല. ഇവർക്ക് രണ്ട് പേർക്കും അതിന് കഴിയില്ല. ഇവർക്ക് എന്താണ് ആവശ്യം എന്ന് ചോദിച്ചാൽ ബ്രിട്ടനിലെപ്പോലെ, അമേരിക്കയിലെപ്പോലെ third പാർട്ടി ഡെമോക്രസിയാണ്. കൺസർവേറ്റീവ് ലേബർ, ഡെമോക്രാറ്റിക് റിപ്പബ്ലിക്-രണ്ടും ഒരേ വർഗ്ഗത്തിന്റെ താൽപര്യം. ആ ജാതി ആകുകയും ഒരു 3rd ആൾട്ടർനേറ്റീവ് ഇവിടെ വളരുത് എന്നുള്ളതുമാണ്. അതിനാണ് അവർ എതിർക്കുന്നത്. ആ ഒരു പൊസിഷൻ ബംഗാളിലായാലും കേരളത്തിലായാലും ത്രിപുരയിലായാലും ഇടതുപക്ഷ മുന്നണിയാണ് ഇവരുടെ ഒന്നാം നമ്പർ ശത്രു. ബി.ജെ.പി. അല്ല. ഈ ഗവൺമെന്റാണ് അവരുടെ കണ്ണിലെ കരട്. എന്തുകൊണ്ട് ? കാരണം അവരുടെ ജനദ്രോഹ നയങ്ങൾക്ക് എതിരായി സംസ്ഥാന ഗവൺമെന്റിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ബദൽ നയങ്ങൾ നടപ്പിലാക്കുന്ന ഒരു ഗവൺമെന്റാണിത്. അതുകൊണ്ടാണ് ഈ ഗവൺമെന്റുകൾ അവരുടെ കണ്ണിലെ കരടാകുന്നത്. മറ്റുള്ള ഗവൺമെന്റുകളൊന്നും ഇവർക്ക് യാതൊരു പ്രശ്നവുമില്ലല്ലോ. ഏതു വിഘടനവാദി വന്നാലും ഇവർക്ക് ഒന്നുമില്ലല്ലോ. ഏത് വർഗ്ഗീയവാദി വന്നാലും ഇവർക്കൊന്നുമില്ലല്ലോ. എന്തുകൊണ്ടാണ് ഈ ഗവൺമെന്റ് അവരുടെ കണ്ണിൽ കരടായത് ? സഹിക്കുന്നില്ല. ബേജാറാണ്. ഞാൻ അവസാനിപ്പിക്കുകയാണ്. ഇവർ തമ്മിലുള്ള തെറ്റ്, കോൺഗ്രസ്സിനുള്ളിലെ തെറ്റ്, നമ്മുടെ കുറെ ശുദ്ധൻമാർ പറഞ്ഞു. കോൺഗ്രസിനുള്ളിലെ തെറ്റൊന്നും ഞങ്ങൾ തെറ്റായിട്ട് കാണുന്നില്ല എന്ന്.

LIBRARY ARCHIVES Kerala Legislative Assembly

കാരണം അത് Pirates mutiny ആണ്. Pirates mutiny എന്നു പറഞ്ഞാൽ കടൽ കള്ളൻമാരുടെ കലാപം. കടൽക്കള്ളൻമാരുടെ കലാപത്തിന് ഒരു സ്വഭാവമുണ്ട്. കടലിൽ കക്കാൻ പോകുമ്പോൾ യോജിപ്പ്. കരയിൽ വന്നിട്ട് കളവുമുതൽ വീതിക്കുമ്പോൾ കലഹം. ഈ കലഹം കണ്ടിട്ട് കക്കാൻ പോകുമ്പോൾ യോജിപ്പ് ഉണ്ടാകില്ല. It is only a Pirates mutiny കടൽക്കള്ളൻമാരുടെ കലാപമാണ് ഇവർ തമ്മിൽ. കളവിനു പോകുമ്പോൾ യോജിക്കും. കളവുമുതൽ വീതിക്കാൻ കരയിൽ വന്നാൽ കലഹിക്കും. കോൺഗ്രസിന് അതാണ് സ്വഭാവം. യാതൊരു സംശയവുമില്ല. അതുകൊണ്ട് ഇതൊന്നും കണ്ട് ഞങ്ങൾ പേടിക്കില്ല. വളരെ വ്യക്തമായി പറയുകയാണ്, കേരളത്തിലെ ജനങ്ങൾ പ്രബുദ്ധരാണ്. 5 കൊല്ലത്തെ ഭരണനേട്ടങ്ങൾ എണ്ണിയെണ്ണി ജനങ്ങളുടെ മുൻപാകെ പറഞ്ഞുകൊണ്ടും കോൺഗ്രസും ബി.ജെ.പിയും തുടരുന്ന ജനദ്രോഹ നയങ്ങൾ തുറന്നുകാട്ടിക്കൊണ്ടും ഞങ്ങൾ ജനങ്ങളെ സമീപിക്കും. ഞങ്ങൾക്ക് ആത്മവിശ്വാസമുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഐശ്വര്യപൂർണ്ണമായ ഒരു കേരളം കെട്ടിപ്പടുക്കാൻ പൂർവ്വാധികം ശക്തിയോടു കൂടി ഈ അസംബ്ലിയിലേയ്ക്ക് തിരിച്ചുവരും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കാരണം നയമാണ് പ്രശ്നം. അല്ലാതെ ആര് എന്നുള്ളതല്ല പ്രശ്നം. ഇത്രയും മാത്രമേ ഞാൻ പറയുന്നുള്ളൂ. ബാക്കി കാര്യങ്ങൾ മുഖ്യമന്ത്രി പറയും. ഈ വോട്ട് ഓൺ അക്കൗണ്ട് ബില്ലും അപ്രോപ്രിയേഷൻ ബില്ലും പാസ്സാക്കിത്തരണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, പത്താം കേരള നിയമസഭയുടെ അവസാന ദിവസം പ്രതിപക്ഷം വാക്കൗട്ട് നടത്തിയതിന് അർത്ഥമുണ്ട്. കാരണം അവർ ഇവിടെ പരാമർശിച്ച അപവാദങ്ങൾക്ക് ശക്തിയായ തിരിച്ചടി കിട്ടുമെന്ന് അവർക്കറിയാം. അത് കേൾക്കാനുള്ള സഹനതൃഷ്ണയോ, തിരുത്താനുള്ള ഒരു മനോഭാവമോ ഇല്ലാത്ത ഒരു പ്രതിപക്ഷമാണ് എന്നാണ് തെളിയിച്ചിട്ടുള്ളത്. അതുകൊണ്ടാണ് അവർ വാക്കൗട്ട് നടത്തിയത്. ആ കാര്യം ഇവർക്കാർക്കും അറിയില്ല എങ്കിലും ഞാൻ അത് മനസ്സിലാക്കി. അവർ കുറച്ചുനേരം മുൻപേ ഇത് ആലോചിച്ചത് ഞാൻ മനസ്സിലാക്കി. കാരണം കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയുമായി ബന്ധപ്പെട്ട അഴിമതിയെത്തുടർന്ന് വിജിലൻസ് രജിസ്റ്റർ ചെയ്ത സി.സി. 1/91-ാം നമ്പർ കേസിൽ മുൻ മന്ത്രി ശ്രീ. ടി.എം. ജേക്കബ് പ്രതിയാണ്. മനസ്സിലായോ ? ബഹുമാനപ്പെട്ട അംഗം ഇത് കേൾക്കണ്ടേ? മറുപടി കേൾക്കേണ്ടി വരില്ലേ ? പ്രസ്തുത കേസ് സി.സി.2/99-ാം നമ്പരായി കോഴിക്കോട് സ്പെഷ്യൽ കോടതിയിൽ വിചാരണയിലാണ് . മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതി നിർമ്മാണത്തിലെ അഴിമതികളെക്കുറിച്ച് 9 കേസുകൾ വിജിലൻസ് ബ്യൂറോ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ ഒരു കേസിൽ മുൻമന്ത്രി ശ്രീ. ടി.എം. ജേക്കബ് പ്രതിയാണ്. ഇത് ബഹുമാനപ്പെട്ട മെമ്പർ കേൾക്കണ്ടേ ? അതുപോലെതന്നെ പോലീസ് അന്വേഷണം കണ്ണൂരിൽ നടത്തിയിട്ടില്ല എന്ന് ശ്രീ. സുധാകരൻ പറഞ്ഞു. പന്നിയൂരും പാറക്കടവിലും അന്വേഷണം നടത്തിയിട്ടുണ്ട്. അവിടെ

LIBRARY ARCHIVES Kerala Legislative Assembly

കേസ് എടുത്തിട്ടില്ല എന്ന് ആരോപിച്ചത് തികച്ചും തെറ്റാണ്. ഇതൊക്കെ കേൾക്കേണ്ടി വരില്ലേ? ഇതൊക്കെ ഞാൻ ഇന്ന് അവസാനം പറയാൻ പോകുകയല്ലേ? അതാണ് ഇറങ്ങിപ്പോയത്? അതുകൊണ്ട് അവർ ഇറങ്ങിപ്പോയതിൽ അർത്ഥമുണ്ട് എന്നാണ് ഞാൻ പറഞ്ഞത്. ഇരുന്നാൽ ഇത് കേൾക്കാനുള്ള സഹനതൃഷ്ണയില്ല, മനോഭാവം ഇല്ല. രാഷ്ട്രീയ പക്വതയില്ല. അതാണ് അവർ ഇവിടെ കാണിച്ചിട്ടുള്ളത്. അല്ലെങ്കിൽ പത്താം കേരള നിയമ സഭയുടെ അവസാന നിമിഷം ഇറങ്ങിപ്പോകുന്ന വൃത്തികേട് ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിൽ കാണിക്കുമോ? അവസാനം സൗഹാർദ്ദമായിട്ടല്ലേ പിരിയുകയുള്ളൂ. അതാണോ ഇപ്പോൾ കാണിച്ചത്? ഇങ്ങനെയാണ് ഇലക്ഷന്റെ റിസൽട്ടും വരാൻ പോകുന്നത്. ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ അനുകൂലിച്ചും പ്രതികൂലിച്ചും പ്രസംഗിച്ചവർക്കെല്ലാം ഞാൻ നന്ദി പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ 5 വർഷങ്ങൾ 5 വസന്തങ്ങളായിരുന്നു. എന്തുതന്നെ പറഞ്ഞാലും കേരള ജനതയെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ 5 വർഷങ്ങൾ വികസനത്തിന്റേയും സമുദായ സൗഹാർദ്ദത്തിന്റേയും ക്രമസമാധാനത്തിന്റേയും വർഷങ്ങളായിരുന്നു. നിങ്ങൾ പറഞ്ഞു മുഴുവൻ അഴിമതിയെന്ന്. എങ്കിൽ കേസുകൊടുത്തുകൂടേ. എനിക്കെതിരെയോ, ലാ മിനിസ്റ്റർക്കെതിരെയോ, മറ്റ് ആർക്കെങ്കിലും എതിരെയോ ഇതുവരെ ഒരു കേസും കൊടുത്തിട്ടില്ല. ഇവിടെ വന്ന് ഭൂ.....ഭൂ.....എന്നുപറഞ്ഞിട്ട് ഇറങ്ങിപ്പോകും. ഇതല്ലാതെ പ്രതിപക്ഷം 5 വർഷം എന്താണ് നടത്തിയത്? ഒരൊറ്റ അഴിമതി ആരോപണവും ഇവിടെ കൊണ്ടുവന്നിട്ടില്ല. അതുപോലെത്തന്നെ വികസനത്തിന്റെ കാര്യം. എട്ടാം പഞ്ചവൽസര പദ്ധതി നടക്കുന്ന ഘട്ടത്തിൽ നടന്ന വികസനപ്രവർത്തനങ്ങൾ എന്തൊക്കെയാണ്? 1951 മുതൽ 1996 മാർച്ചുവരെയുള്ള കാലയളവിൽ 45 വർഷക്കാലം പദ്ധതി മേഖലയിൽ മുടക്കിയത് 11,874 കോടി രൂപയാണ്. അതേസമയം കഴിഞ്ഞ 5 വർഷങ്ങളിൽ മാത്രം 14,843 കോടി രൂപയാണ് മുടക്കിയത്. ഇത് ഒരു സർവ്വകാല റിക്കാർഡാണ്. ഇതിന് ദൂരവ്യാപകമായ സൽഫലങ്ങൾ ഉണ്ടാകുമെന്ന കാര്യത്തിൽ ഉറപ്പുണ്ട്. ആ ചാരിതാർത്ഥ്യത്തോടു കൂടിയാണ് ഈ ഭരണത്തിന് താത്ക്കാലികമായ തിരശീലയിട്ടിട്ടുള്ളത്. അതുപോലെതന്നെ കൂടുതൽ ഐശ്വര്യപൂർണ്ണമായ കേരളത്തിന് തയ്യാറെടുത്തുവരികയാണ്. ആരോപണ വിധേയരായി കോടതിയിൽ കേസ് നിലനിൽക്കുമ്പോഴാണ് മര്യാദക്കാരാണെന്നുപറഞ്ഞ് നടക്കുന്നത്. അതാണല്ലോ ഇറങ്ങിപ്പോയത്. എല്ലാ മുൻ മന്ത്രിമാർക്കുമെതിരെ കേസില്ലേ? ഇപ്പോഴുള്ള പതിനാല് മന്ത്രിമാരിൽ ആർക്കെങ്കിലുമെതിരെ അവർക്ക് കേസു കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഈ അഞ്ച് വർഷത്തിലെ നേട്ടം അതല്ലേ? ഒരൊറ്റ അഴിമതി ക്കേസ് ഇവിടത്തെ പതിനാല് മന്ത്രിമാർക്കെതിരെ കൊടുക്കാൻ കഴിഞ്ഞിട്ടില്ല. ഇതാണ് അവരുടെ അവസ്ഥ. അവരുടെ പേരിൽ അഴിമതിക്കേസും, ക്രിമിനൽ കേസുമുണ്ട്. യു.ഡി.എഫ്- ന്റെ കാലത്ത് വിഴിഞ്ഞത്തും പൂന്തുറയിലും കൊച്ചി യിലും കൊല്ലത്തും ലഹളയുണ്ടായി. എന്തുകൊണ്ട് എൽ.ഡി.എഫ്-ന്റെ കാലത്ത് ഉണ്ടായില്ല? ഈ 5 വർഷത്തിനിടയിൽ എന്തുകൊണ്ട് ഒരു അവിശ്വാസപ്രമേയം കൊണ്ടുവന്നില്ല? ഈ ഗവൺമെന്റിനെതിരെ അവർക്ക് കൊണ്ടുവരാൻ പാടില്ലായിരുന്നോ? അതാണ് ഇറങ്ങിപ്പോയത്. ഇതൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

കേൾക്കേണ്ടിവരും. അതുകൊണ്ടാണ് അവസാനം ഇറങ്ങിപ്പോയത്. ഇതിനെ ഞാൻ ശ്ലാഘിക്കുകയല്ല. നശീകരണാത്മകമായ സമീപനമെന്നാണ് പറയുന്നത്. കേരളത്തിൽ വൈദ്യുതി സ്വയംപര്യാപ്തമാക്കി. കൃഷിക്കാർക്ക് പട്ടയം കൊടുത്തു. വീടില്ലാത്തവർക്ക് കുടിൽ കൊടുത്തു. മൂന്നുലക്ഷം പേർക്കാണ് കുടിൽ കൊടുത്തത്. ഊർജ്ജസ്വലതയോടുകൂടി പദ്ധതികൾ നടപ്പിലാക്കുമ്പോൾ അവർക്ക് സഹിക്കാൻ സാധിക്കുന്നില്ല. അവർ ശരിയായ നിലപാടല്ല സ്വീകരിച്ചത്. നിർലോഭവും നിഷ്കളങ്കവുമായ സൗമനസ്യത്തിന് പ്രതിപക്ഷത്തോടും, ഭരണകക്ഷിയോടും നന്ദി പറയുന്നു. സ്പീക്കർക്കും നന്ദിപറയുന്നു. കഴിഞ്ഞ 5 വർഷക്കാലവും സ്പീക്കർക്ക് മാറ്റമുണ്ടായിട്ടില്ല. ട്രാൻസ്ഫറുണ്ടായില്ല. ആരോപണമുണ്ടായിട്ടില്ല. ഇതിനു മുൻപുള്ള സ്പീക്കർമാർ ഒന്നര വർഷമോ, രണ്ട് വർഷമോ, രണ്ടര വർഷമോ സ്പീക്കറായിരിക്കും. ഇവിടിരിക്കുന്ന പലരും സ്പീക്കറായിട്ടുണ്ട്. എന്നാൽ നമ്മുടെ സ്പീക്കർ 5 വർഷവും സമർത്ഥമായി കാര്യങ്ങൾ നടത്തിക്കൊണ്ടുപോയി അതുപോലെതന്നെ ഡെപ്യൂട്ടി സ്പീക്കറും. പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഭരണപക്ഷത്തിന്റെ ഭാഗത്തുനിന്നും നൽകിയ സ്നേഹാദരങ്ങൾക്ക് നന്ദി പറയുന്നു. അതോടൊപ്പം നമ്മളെല്ലാവരും അടുത്തുതന്നെ തിരിച്ചുവരാൻ പോവുകയാണ്. ആ തരത്തിൽ നല്ലൊരു കേരളം സൃഷ്ടിക്കാനുള്ള സാഹചര്യം അടുത്ത ഇലക്ഷനിലുണ്ടാകും. നമ്മൾ വിടവാങ്ങുന്നതോടൊപ്പം അടുത്ത തെരഞ്ഞെടുപ്പിൽ കേരളത്തിലെ ജനങ്ങൾ നമുക്ക് പിൻതുണനൽകുമെന്ന് വിശ്വസിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം ഉപസംഹരിക്കുന്നു.

2001- ലെ കേരള ധനവിനിയോഗ ബിൽ

മി. സ്പീക്കർ : 2001- ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച് അനുകൂലിക്കുന്നവർ..... പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചു. ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകൾ

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

പട്ടിക

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 2001- ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, ഞാൻ പിന്താങ്ങുന്നു.

മി. സ്പീക്കർ : 2001- ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിക്കുകയും, ബിൽ പാസ്സാക്കുകയും ചെയ്തു.

2001- ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ

മി. സ്പീക്കർ : 2001- ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചു. ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകൾ

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

പട്ടിക

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : 2001-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതിരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, ഞാൻ പിന്താങ്ങുന്നു.

മി. സ്പീക്കർ : 2001- ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിക്കുകയും, ബിൽ പാസ്സാക്കുകയും ചെയ്തു.

XI അവകാശലംഘന പ്രശ്നം

മി. സ്പീക്കർ : കുമിളിയിൽ പത്രലേഖകരോട് സംസാരിക്കവെ മുല്ലപ്പെരിയാർ അണക്കെട്ടിനെ സംബന്ധിച്ച് ശ്രീ. പി. സി. തോമസ് എം. പി. നടത്തിയ ചില പരാമർശങ്ങൾ , നിയമസഭാംഗവും പെറ്റീഷൻസ് കമ്മിറ്റി ചെയർമാനുമായ തന്നെ അപകീർത്തിപ്പെടുത്തുന്നതും തന്റെ അവകാശങ്ങളെ ലംഘിക്കുന്നതുമാണെന്നും ആരോപിച്ച് ശ്രീ. പി. സി. തോമസിനെതിരെ ശ്രീ. പി. സി. ജോർജ് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. മുല്ലപ്പെരിയാർ അണക്കെട്ട് പ്രശ്നത്തിൻമേൽ നിയമസഭാ പെറ്റീഷൻസ് കമ്മിറ്റി ചെയർമാൻ ശ്രീ. പി. സി. ജോർജ് എം.എൽ.എ. യുടെ നിലപാട് സംശയകരമാണെന്നും അദ്ദേഹം തമിഴ്നാടിന്റെ സ്വാധീനത്തിൽപ്പെട്ടുപോയതായി സംശയിക്കുന്നുവെന്നും അണക്കെട്ടിന് യാതൊരു കുഴപ്പവുമില്ലെന്നും കമ്മിറ്റിയിലെ മറ്റംഗങ്ങളുമായി ചർച്ച ചെയ്യാതെ ചെയർമാൻ നടത്തിയ വെളിപ്പെടുത്തൽ നിയമസഭാചട്ടങ്ങൾക്ക് എതിരാണെന്നും അണക്കെട്ടിലെ ജലനിരപ്പ് നിർണ്ണയിക്കപ്പെട്ടതിൽ പാകപ്പിഴയുണ്ടെന്നും ശ്രീ. പി. സി. തോമസ് എം. പി. പത്രലേഖകരോട് സംസാരിക്കവേ പറഞ്ഞുവെന്നാണ് ശ്രീ. പി. സി. ജോർജിന്റെ ആരോപണം. നോട്ടീസ് ഒരു ലോകസഭാംഗത്തിന് എതിരെയായതിനാൽ അംഗീകൃത കീഴ്വഴക്കമനുസരിച്ച് അനന്തര നടപടികൾക്കായി ഈ നോട്ടീസ് ലോകസഭാ സ്പീക്കർക്ക് അയച്ചുകൊടുക്കുന്നതാണ്. അതാണ് അതിന്റെ നടപടിക്രമം ഓർഡർ.....ഓർഡർ.....ഇന്നിപ്പോൾ മറ്റെല്ലാ ബിസിനസുകളും കഴിഞ്ഞു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : ഗവൺമെന്റിന് സഭയിൽ വയ്ക്കാൻ തൽക്കാലം മറ്റ് ബിസിനസുകളൊന്നും ഇല്ലാത്തതിനാൽ സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly